# ഗ്രന്ഥകാരന്റെ മുഖക്കുറി

بسم الله الرحمن الرحيم

സ്തുതികൾ മുഴുവനും അല്ലാഹുവിന് മാത്രമാകുന്നു. അവനോട് സഹായത്തിനും ഇസ്തിഗ്ഫാറിനും തേടുന്നു. സ്വന്തം തിന്മകളിൽനിന്നും ദുഷ്ചെയ്തികളിൽനിന്നും അവനോട് രക്ഷതേടുന്നു. അവൻ വഴികാട്ടിയവരെ പിഴപ്പി ക്കുവാനാരുമില്ല. അവൻ വഴികേടിലാക്കിയവരെ നേർവഴിയി ലാക്കുവാനും ആരുമില്ല. അവനല്ലാതെ ആരാധ്യനേയില്ലെ ന്നും അവൻ ഏകനും പങ്കുകാരില്ലാത്തവനും മുഹമ്മദ് ﷺ, അല്ലാഹു ﷻ യുടെ തിരുദാസനും തിരുദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.

അക്വീദഃയുടെ വിഷയത്തിൽ സുപ്രധാനമായ ഏതാ നും ചോദ്യങ്ങളും അവക്ക് നൽകപ്പെട്ട ഉത്തരങ്ങളുമാണ് ഈ രചന. വിശുദ്ധ ക്വുർആനിൽനിന്നും തിരുസുന്നത്തിൽ നിന്നും തെളിവുകളും ഉത്തരങ്ങളോടൊപ്പം നൽകിയിട്ടുണ്ട്. ഉത്തരങ്ങൾ ശരിയാണ് എന്ന് വായനക്കാരന് സമാധാന പ്പെടുവാൻ വേണ്ടിയാണ് തെളിവുകൾ നൽകുന്നത്. ഇസ്‌ലാ മിക വിശ്വാസമാണല്ലോ ഇഹത്തിലും പരത്തിലും മനുഷ്യരുടെ സൗഭാഗ്യത്തിനുള്ള അടിസ്ഥാനം. ഇതിലൂടെ മുസ്‌ലീംകൾക്ക് ഉപകാരമുണ്ടാകുവാൻ ഞാൻ അല്ലാഹു ﷻ വിനോടു 'ദുആ' ചെയ്യുന്നു. അവന്റെ മഹത്തായ 'വജ്ഹി'ന് നിഷ്കളങ്കമായ താകുവാനും ഞാൻ 'ദുആ' ചെയ്യുന്നു.

**മുഹമ്മദ് ഇബ്നു ജമീൽ സൈനു**

# വിവർത്തകക്കുറിപ്പ്

**മാന്യരേ,**

ശൈഖ് മുഹമ്മദ് ഇബ്നു ജമീൽ സൈനു രചിച്ച 'മുഖ്ത്വസ്വിറുൽ അകീദത്തിൽ ഇസ്‌ലാമിയ്യഃ' എന്ന ഗ്രന്ഥത്തിന്റെ വിവർത്തനമാണ് നിങ്ങളുടെ കരങ്ങളിൽ. ഇസ്‌ലാമിക വിശ്വാസങ്ങളുടെ വിവരണങ്ങളും വശങ്ങളും തെളിവുകളും ലളിതവും വശ്യവുമായ രീതിയിൽ ക്രോഡീകരിച്ച ഈ രചന മലയാളികൾക്ക് ദീനീ പാഠങ്ങൾ വളരെ എളുപ്പത്തിൽ മനസ്സിലാക്കുവാനുതകും എന്നതിനാലാണ് ഈ കൊച്ചുകൃതി തർജുമക്ക് തെരഞ്ഞെടുത്തത്. അല്ലാഹു ഈ ശ്രമത്തിൽ ബർകത്ത് ചൊരിയുമാറാകട്ടെ....

ഈ വിവർത്തനത്തിൽ സഹകരിച്ചവർ പലരാണ്. ഈ വിവർത്തനം സൂക്ഷ്മമായി പരിശോധിച്ച് വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകിയത് ബഹു: മുഹമ്മദ് സ്വാദിക്വ് മദനിയാണ്. പേജുകളിൽ അക്ഷരങ്ങൾ നിരത്തിയ സഹോദരൻ മുഹമ്മദ് റയ്യാനാണ്. ഈ കൃത്യം ഭംഗിയായി അവസാനിക്കുവാൻ പല സഹായങ്ങളും നൽകിയത് ബഹു: മാഹിൻ മുഹമ്മദ്, മുഹമ്മദ് അലി പുലാശേരി(കുഞ്ഞു) എന്നിവരാണ്. കൂടാതെ, ഗുണകാംക്ഷികളായവർ വേറേയുമുണ്ട്. എല്ലാവരോടമുള്ള കടപ്പാടും കൃതജ്ഞതയും രേഖപ്പെടുത്തുന്നു., അല്ലാഹു ﷻ എല്ലാവർക്കും പ്രതിഫലം നൽകുമാറാകട്ടെ..., ഉപരിലോകത്ത് ഇതൊരു സൽകർമ്മമായി നാഥൻ സ്വീകരിക്കുമാറാകട്ടെ...ആമീൻ.

**അബ്ദുൽ ജബ്ബാർ അബ്ദുല്ല**

# ഇസ്ലാം കാര്യങ്ങൾ

**ചോദ്യം:** ജിബ്രീൽ عليه السلام ചോദിച്ചു: ഓ മുഹമ്മദ്, ഇസ്ലാമിനെ കുറിച്ച് താങ്കൾ എന്നോട് പറഞ്ഞാലും?

**ഉത്തരം:** അപ്പോൾ അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു. ഇസ്ലാം എന്നാൽ:

1. താങ്കൾ 'لاَ إِلَـهَ إِلاَّ اللـهُ' (യഥാർത്ഥ ആരാധ്യനായി അല്ലാഹു അല്ലാതെ മറ്റാരും തന്നെയില്ല) എന്നും 'مُحَمَّدٌ رَسُولُ اللّٰهِ' (മുഹമ്മദ് ﷺ, അല്ലാഹു سبحانه وتعالى യുടെ തിരുദൂതനാണ് എന്നും സാക്ഷ്യം വഹിക്കജശ).
2. നമസ്കാരങ്ങൾ നേരാംവിധം നിർവ്വഹിക്കുക. അഥവാ ഭക്തിയാദരവോടുകൂടിയും അടങ്ങിഷാർത്തും അവ നിർവ്വഹിക്കുക.
3. സകാത്ത് കൊടുത്തുവീട്ടുക.
4. റമദാനിൽ നോമ്പു നോറ്റുവീട്ടുക. അഥവാ നിയ്യത്തോടു കൂടി പ്രഭാതം മുതൽ സൂര്യാസ്തമയംവരെ നോമ്പുമുറിയുന്ന കാര്യങ്ങളിൽനിന്ന് വിട്ട് നിൽക്കുക.
5. കഅ്ബാമന്ദിരത്തിലേക്ക് എത്തിച്ചേരുവാൻ താങ്കൾക്ക് 'ഇസ്തിത്വാഅത്"(കഴിവ്) ഉണ്ടെങ്കിൽ താങ്കൾ ഹജ്ജ് ചെയ്യുക. (ആരോഗ്യമുണ്ടാവുക, തന്റെ ആവശ്യവും താൻ നിർബന്ധമായും ചിലവിന് കൊടുക്കേണ്ടവരുടെആവശ്യവുംകഴിച്ച് ഹജ്ജിനുവേണ്ട സംഖ്യ ഉടമപ്പെടുത്തുക, വഴി

സുരക്ഷിതമാവുക എന്നിവയാലാണ് 'ഇസ്തിത്വാഅത്' സാധ്യമാവുക.

# ഈമാൻ കാര്യങ്ങൾ

**❓ ചോദ്യം:** ജിബ്‌രീൽ ﷺ ചോദിച്ചു: ഓ മുഹമ്മദ്, 'ഈമാനി' നെ കുറിച്ച് എനിക്ക് പറഞ്ഞുതരൂ ?

**✍ ഉത്തരം:** അപ്പോൾ പ്രവാചകൻ ﷺ പറഞ്ഞു: 'ഈമാൻ' എന്നാൽ:

1. താങ്കൾ അല്ലാഹുവിൽ വിശ്വസിക്കലാണ്. (അല്ലാഹു എല്ലാ ത്തിന്റേയും സൃഷ്ടാവാണെന്നും, യഥാർത്ഥ ആരാധ്യൻ അവൻ മാത്രമാണെന്നും, അവന് തന്റെ സത്തക്ക് ചേ ർന്ന നാമ - വിശേഷണങ്ങൾ ഉണ്ടെന്നും വിശ്വസിക്കലാണ്.) അല്ലാഹു ﷻ പറഞ്ഞു:

فَاطِرُ السَّمَاوَاتِ وَالْأَرْضِ جَعَلَ لَكُم مِّنْ أَنفُسِكُمْ أَزْوَاجًا وَمِنَ الْأَنْعَامِ أَزْوَاجًا يَذْرَؤُكُمْ فِيهِ لَيْسَ كَمِثْلِهِ شَيْءٌ وَهُوَ السَّمِيعُ البَصِيرُ

﴾.....അവനു തുല്യമായി യാതൊന്നുമില്ല. അവൻ എല്ലാം കാ ണുന്നവനും കേൾക്കുന്നവനുമാകുന്നു.﴿ (വി. ക്വു. 42: 11)

2. താങ്കൾ അല്ലാഹുവിന്റെ മലക്കുകളിൽ വിശ്വസിക്കലാണ്. (അല്ലാഹുവിന്റെ കൽപനകൾ നടപ്പിലാക്കുവാൻ പ്രകാശ ത്താൽ സൃഷ്ടിക്കപെട്ടവരാണ് മലക്കുകൾ. അവർ നമ്മു ടെ കണ്ണുകൾക്ക് ഗോചരമല്ല.

3. താങ്കൾ അല്ലാഹുവിന്റെ കിതാബുകളിൽ വിശ്വസിക്കലാണ്. (തൗറാത്തും ഇഞ്ചീലും സബൂറും അവയിൽപ്പെട്ടതാണ്. അവസാനത്തെ കിതാബായ ക്വുർആൻ പൂർവ്വ ഗ്രന്ഥങ്ങളെയെല്ലാം ദുർബലപ്പെടുത്തി.)
4. താങ്കൾ അല്ലാഹുവിന്റെ ദൂതന്മാരിൽ വിശ്വസിക്കലാണ്.
5. താങ്കൾ അന്ത്യനാളിൽ വിശ്വസിക്കലാണ്.
6. താങ്കൾ ക്വദ്റിൽ(വിധിയിൽ) അഥവാ അതിന്റെ നന്മയും തിന്മയും അല്ലാഹു ﷻ യിൽ നിന്നാണെന്ന് വിശ്വസിക്കലാണ്. (കാര്യകാരണബന്ധങ്ങൾ സ്വീകരിക്കുന്നതോടൊപ്പം അല്ലാഹു ﷻ വിധിച്ചതിൽ നാം തൃപ്തിപ്പെടണം.)

# അല്ലാഹുവിന്
# അടിമകളിൽനിന്നുള്ള അവകാശങ്ങൾ

**❓ ചോദ്യം:** അല്ലാഹു ﷻ നമ്മെ എന്തിനുവേണ്ടി സൃഷ്ടിച്ചു ?

**✍ ഉത്തരം:** നാം അവനെ മാത്രം ആരാധിക്കുന്നതിനുവേണ്ടിയും അവനിൽ യാതൊന്നിനേയും പങ്ക് ചേർക്കാതിരിക്കുന്നതിന് വേണ്ടിയും.

അല്ലാഹു ﷻ പറഞ്ഞു:

وَمَا خَلَقْتُ الْجِنَّ وَالْإِنسَ إِلَّا لِيَعْبُدُونِ

﴿ജിന്നുകളേയും മനുഷ്യരേയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല.﴾ (വി. ക്വു. 51: 56)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«...حَقُّ اللّهِ عَلَى الْعِبَادِ أَنْ يَعْبُدُوه وَلاَ يُشْرِكُوا بِهِ شَيْئًا...»

((അടിമകളുടെമേലുള്ള അല്ലാഹുവിന്റെ അവകാശം, അവർ അവനുമാത്രം ആരാധന ചെയ്യണമെന്നും അവനിൽ മറ്റൊന്നിനേയും പങ്ക് ചേർക്കരുതെന്നുമാണ്.)) (ബുഖാരി, മുസ്‌ലിം)

**❓ ചോദ്യം:** എന്താണ് ഇബാദത്ത് ?

✍ **ഉത്തരം:** അല്ലാഹു ﷻ യെ പ്രീതിപ്പെടുത്തുന്ന മുഴുവൻ വാക്കുകൾക്കും പ്രവൃത്തികൾക്കുമുള്ള പൊതുവായ പേരാണ് 'ഇബാദത്ത്'.

**ഉദാഹരണം:** ദുആഅ്, നമസ്കാരം, ഖുശൂഅ്(ഭക്തി),.........

അല്ലാഹു ﷻ പറഞ്ഞു:

قُلْ إِنَّ صَلاَتِي وَنُسُكِي وَمَحْيَايَ وَمَمَاتِي للهِ رَبِّ الْعَالَمِينَ

﴿പറയുക: തീർച്ചയായും എന്റെ പ്രാർത്ഥനയും എന്റെ ആരാധനാകർമ്മങ്ങളും, എന്റെ ജീവിതവും, എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിനുള്ളതാകുന്നു.﴾ (വി.ക്വു.6:162)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: അല്ലാഹു ﷻ പറഞ്ഞിരിക്കുന്നു:

«...وَمَا تَقَرَّبَ إِلَيَّ عَبْدِي بِشَيْءٍ أَحَبَّ إِلَيَّ مِمَّا افْتَرَضْتُ عَلَيْهِ...»

((എന്റെ ദാസൻ ഞാൻ ഫറദാക്കിയതുകൊണ്ട് എന്നോട് അടുക്കുന്നതിനേക്കാൾ എനിക്ക് ഇഷ്ടകരമായ ഒന്നുമില്ല.)) (ബുഖാരി)

❓ **ചോദ്യം:** നാം എങ്ങനെ അല്ലാഹു ﷻ യെ ആരാധിക്കും?

✍ **ഉത്തരം:** അല്ലാഹു ﷻ യും അവന്റെ തിരുദൂതർ ﷺ യും കൽപ്പിച്ച പ്രകാരം.

അല്ലാഹു ﷻ പറഞ്ഞു:

يَا أَيُّهَا الَّذِينَ آمَنُوا أَطِيعُوا اللهَ وَأَطِيعُوا الرَّسُولَ وَلاَ تُبْطِلُوا أَعْمَالَكُمْ

﴿സത്യവിശ്വാസികളെ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. റസൂലിനെയും നിങ്ങൾ അനുസരിക്കുക. നിങ്ങളുടെ കർമ്മങ്ങളെ നിഷ്ഫലമാക്കിക്കളയാതിരിക്കുകയും ചെയ്യുക.﴾

(വി.ക്വു.47:33)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«مَنْ عَمِلَ عَمَلًا لَيْسَ عَلَيْهِ أَمْرُنَا فَهُوَ رَدٌّ»

((നമ്മുടെ കൽപനയില്ലാത്ത ഒരു കാര്യം ആരെങ്കിലും പ്രവർത്തിച്ചാൽ അത് തള്ളപ്പെടേണ്ടതാണ്.)) (മുസ്‌ലിം)

**ചോദ്യം:** നാം അല്ലാഹുവിനെ ഭയപ്പാടോടുകൂടിയും പ്രതീക്ഷയോടുകൂടിയുമാണോ ആരാധിക്കേണ്ടത് ?

**ഉത്തരം:** അതെ. അല്ലാഹു ﷻ അടിയാറുകളോട് കൽപ്പിച്ചുകൊണ്ട് പറഞ്ഞു:

وَلاَ تُفْسِدُواْ فِي الأَرْضِ بَعْدَ إِصْلاَحِهَا وَادْعُوهُ خَوْفًا وَطَمَعًا إِنَّ رَحْمَتَ اللّهِ قَرِيبٌ مِّنَ الْمُحْسِنِينَ

﴿....ഭയപ്പാടോടുകൂടിയും പ്രതീക്ഷയോടുകൂടിയും നിങ്ങൾ അവനെ വിളിച്ച് പ്രാർത്ഥിക്കുകയും ചെയ്യുക...﴾(വി.ക്വു.7: 56)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«أَسْأَلُ اللَّهَ الجَنَّةَ وأَعُوذُ بِهِ مِنَ النَّارِ»

((ഞാൻ അല്ലാഹുവിനോട് സ്വർഗ്ഗം ചോദിക്കുന്നു. അവനോട് നരകത്തിൽനിന്നും അഭയം തേടുന്നു.)) (അബൂ ദാവൂദ്)

**ചോദ്യം:** ഇബാദത്തിൽ 'ഇഹ്സാൻ' എന്നാൽ എന്താണ് ?

**ഉത്തരം:** ഇബാദത്തുകൾ നിർവ്വഹിക്കുമ്പോൾ അല്ലാഹു ﷻ യുടെ 'മുറാക്വബത്' അഥവാ നിരീക്ഷണവും മേൽനോട്ടവുമുണ്ട് എന്ന ബോധമാണ് 'ഇഹ്സാൻ'.

അല്ലാഹു ﷻ പറഞ്ഞു:

الَّذِي يَرَاكَ حِينَ تَقُومُ
وَتَقَلُّبَكَ فِي السَّاجِدِينَ

﴿നീ നിന്നു പ്രാര്‍ത്ഥിക്കുന്നസമയത്ത് നിന്നെ കാണുന്നവനത്രെ അവന്‍. സുജൂദ് ചെയ്യുന്നവരുടെ കൂട്ടത്തിലുള്ള നിന്റെ ചലനവും(കാണുന്നവന്‍) ﴾ (വി.ക്വു. 26: 218, 219)

നബി ﷺ പറഞ്ഞു:

«الْإِحْسَانُ أَنْ تَعْبُدَ اللَّهَ كَأَنَّكَ تَرَاهُ فَإِنْ لَمْ تَكُنْ تَرَاهُ فَإِنَّهُ يَرَاكَ»

((‘ഇഹ്സാന്‍’ എന്നാല്‍ നീ അല്ലാഹുവിനെ കാണുന്നതുപോലെ അവനെ ആരാധിക്കലാണ്; നീ അവനെ കാണുന്നില്ലെങ്കിലും അവന്‍ നിന്നെ കാണുന്നുണ്ട്.)) (മുസ്‌ലിം)

**❓ ചോദ്യം:** ഇബാദത്തിന്റെ ഇനങ്ങള്‍ ഏതെല്ലാമാണ് ?

**✍ ഉത്തരം:** അവ ധാരാളമാണ്. ദുആഅ്(പ്രാര്‍ത്ഥന), ഖൗഫ് (ഭയം), റജാഅ്(ആഗ്രഹം), തവക്കുല്‍(ഭരമേല്‍പ്പിക്കല്‍), റഗ്ബത്ത് (ആഗ്രഹം), റഹ്ബത്ത്(ഉള്‍പേടി), ബലി, നേര്‍ച്ച, നോമ്പ്, നമസ്കാരം, സുജൂദ്, ത്വവാഫ്, സത്യംചെയ്യല്‍, വിധിക്കല്‍, ................തുടങ്ങി ഇബാദത്തിന്റെ ഇനങ്ങള്‍ ധാരാളമാണ്.

# തൗഹീദിന്റെ ഇനങ്ങൾ; ഗുണങ്ങളും

❓ **ചോദ്യം:** അല്ലാഹു ﷻ എന്തിനാണ് അമ്പിയാ- മുർസലീങ്ങളെ നിയോഗിച്ചയച്ചത് ?

✍ **ഉത്തരം:** അവനെമാത്രം ആരാധിക്കുന്നതിലേക്ക് ക്ഷണിക്കുവാനും ശിർക്കിനെ നിരാകരിക്കുവാനുമാണ് അല്ലാഹു ﷻ അവരെ നിയോഗിച്ചത്.

അല്ലാഹു ﷻ പറഞ്ഞു:

وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَّسُولاً أَنِ اعْبُدُواْ اللّهَ وَاجْتَنِبُواْ الطَّاغُوتَ فَمِنْهُم مَّنْ هَدَى اللّهُ وَمِنْهُم مَّنْ حَقَّتْ عَلَيْهِ الضَّلالَةُ فَسِيرُواْ فِي الأَرْضِ فَانظُرُواْ كَيْفَ كَانَ عَاقِبَةُ الْمُكَذِّبِينَ

﴾തീർച്ചയായും ഒരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിനുവേണ്ടി.......﴿ (വി. ക്വു. 16: 36)

ഇവിടെ ത്വാഗൂത്ത് എന്നാൽ, അല്ലാഹു ﷻ യോടൊഷം ജനങ്ങൾ ആരാധിക്കുകയും 'ദുആ' ഇരക്കുകയും, താൻ ആരാധിക്കപ്പെടുന്നതിൽ തൃപ്തികാണിക്കുകയും ചെയ്യുന്ന വ്യക്തിയാണ്.

നബി ﷺ പറഞ്ഞു:

«الْأَنْبِيَاءُ إِخْوَةٌ مِنْ عَلَّاتٍ وَأُمَّهَاتُهُمْ شَتَّى وَدِينُهُمْ وَاحِدٌ»

((അമ്പിയാക്കൾ ഒരു പിതാവിൽനിന്നുള്ള സഹോദരങ്ങളാണ്. അവരുടെ ഉമ്മമാർ വ്യത്യസ്തരാണ്.)) (ബുഖാരി, മുസ്‌ലിം) അഥവാ അവരുടെ ആദർശങ്ങളുടെ അടിത്തറ ഒന്നാണ്. അവരുടെ ശരീഅത്തുകൾ വ്യത്യസ്തവുമാണ്. അവർ തൗഹീദിന്റെ അടിസ്ഥാനങ്ങളിൽ ഏകോപിച്ചിരിക്കുന്നു. എന്നാൽ, ശരീഅത്തിലെ കർമ്മശാസ്ത്ര വിഷയങ്ങളിലാണ് വ്യത്യാസങ്ങൾ ഉണ്ടായത്.

**? ചോദ്യം:** എന്താണ് തൗഹീദുർറബ്ബ് ?

**✍ ഉത്തരം:** സൃഷ്ടിപ്പ്,നിയന്ത്രണംതുടങ്ങിയ പ്രവൃത്തികളിൽ അല്ലാഹുവിനെ ഏകനാക്കലാണ് തൗഹീദുർറബ്ബ് (തൗഹീദുർ റുബൂബിയ്യഃ).

അല്ലാഹു ﷻ പറഞ്ഞു:

الْحَمْدُ لِلَّهِ رَبِّ الْعَالَمِينَ

﴿സ്തുതികൾ മുഴുവനും സർവ്വലോക പരിപാലകനായ അല്ലാഹുവിന് മാത്രമാകുന്നു.﴾ വി. ക്വു.(1: 2)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«اللَّهُمَّ لَكَ الْحَمْدُ أَنْتَ رَبُّ السَّمَوَاتِ وَالْأَرْضِ»

((അല്ലാഹുവേ, നിനക്ക് മാത്രമാണ് സ്തുതികൾ മുഴുവനും. നീയാകുന്നു ആകാശഭൂമികളുടെ റബ്ബ്.)) (ബുഖാരി, മുസ്‌ലിം)

**❓ ചോദ്യം:** എന്താണ് തൗഹീദുൽ ഇലാഹ് ?

**✍ ഉത്തരം:** ദുആഅ്(പ്രാർത്ഥന), ബലി, നേർച്ച, നമസ്കാരം, റജാഅ്(പ്രതീക്ഷ), ഖൗഫ്(ഭയം), സഹായാർത്ഥന, തവക്കുൽ (ഭരമേൽപ്പിക്കൽ), തുടങ്ങിയ ഇബാദത്തുകളിൽ അല്ലാഹു ﷻ യെ ഏകനാക്കലാണ് തൗഹീദുൽ ഇലാഹ്(തൗഹീദുൽ ഉലൂഹിയ്യഃ).

അല്ലാഹു ﷻ പറഞ്ഞു:

وَإِلَـهُكُمْ إِلَهٌ وَاحِدٌ لاَّ إِلَهَ إِلاَّ هُوَ الرَّحْمَنُ الرَّحِيمُ

﴿നിങ്ങളുടെ ഇലാഹ് ഏകഇലാഹ് മാത്രമാകുന്നു. അവനല്ലാതെ യാതൊരു ആരാധ്യനുമില്ല. അവൻ പരമകാരുണികനും കരുണാനിധിയുമത്രെ.﴾ (വി.ക്വു.2:163)

അല്ലാഹുവിന്റെ റസൂൽ ﷺ, മുആദ് ؓ വിനെ യമനിലേക്ക് അയച്ചപ്പോൾ പറഞ്ഞു:

«إنّكَ تَأْتِي قَوْماً مِنْ أَهْلِ الْكِتَابِ، فَلْيَكُنْ أَوّلَ مَا تَدْعُوهُمْ إِلَيْهِ شَهَادَةُ أَنْ لاَ إِلَهَ إِلاّ اللّه (وفي رواية: إلى أنْ يُوَحِّدُوا اللّه) »

((താങ്കൾ പോകുന്നത് വേദക്കാരിൽ ഒരു വിഭാഗത്തിന്റെ അടുക്കലേക്കാണ്. അതിനാൽ അവരെ നിങ്ങൾ ആദ്യമായി ക്ഷണിക്കേണ്ടത് 'ലാ ഇലാഹ ഇല്ലല്ലാഹു' എന്നതിലേക്കാണ്. (മറ്റൊരു റിപ്പോർട്ടിൽ: അല്ലാഹുവിന്റെ ഏകത്വം അംഗീകരിക്കുന്നതിലേക്കാണ്) (ബുഖാരി, മുസ്‌ലിം)

**❓ ചോദ്യം:** 'لاَ إِلـهَ إِلاَّ اللّهُ' എന്നതിന്റെ അർത്ഥം എന്താണ് ?

✍ **ഉത്തരം:** 'യഥാർത്ഥ ആരാധ്യനായി അല്ലാഹു ﷻ യല്ലാതെ മറ്റാരും ഇല്ല' എന്നതാണ് അർത്ഥം.

അല്ലാഹു ﷻ പറഞ്ഞു:

ذَلِكَ بِأَنَّ اللَّهَ هُوَ الْحَقُّ وَأَنَّ مَا يَدْعُونَ مِن دُونِهِ هُوَ الْبَاطِلُ وَأَنَّ اللَّهَ هُوَ الْعَلِيُّ الْكَبِيرُ

﴾അതെന്തുകൊണ്ടെന്നാൽ അല്ലാഹുവാണ് സത്യമായിട്ടുള്ളവൻ. അവനുപുറമെ അവർ ഏതൊന്നിനെ വിളിച്ചു പ്രാർത്ഥിക്കുന്നുവോ അതുതന്നെയാണ് നിരർത്ഥകമായിട്ടുള്ളത്.﴿ (വി. ക്വു. 22: 62)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«مَنْ قَالَ لاَ إِلَهَ إِلاَّ اللَّهُ، وَكَفَرَ بِمَا يُعْبَدُ مِنْ دُونِ اللَّهِ، حَرُمَ مَالُهُ وَدَمُهُ، وَحِسَابُهُ عَلَى اللَّهِ عز وجل»

((ആരെങ്കിലും 'ലാഇലാഹ ഇല്ലല്ലാഹു' എന്നുപറയുകയും അല്ലാഹുവോടൊപ്പം ആരാധിക്കപ്പെടുന്നതിൽ അവിശ്വസിക്കുകയും ചെയ്താൽ അവന്റെ ധനവും രക്തവും ആദരണീയമാക്കപ്പെട്ടിരിക്കുന്നു. അവന്റെ വിചാരണ അല്ലാഹുﷻ ഏറ്റെടുത്തിരിക്കുന്നു.)) (മുസ്‌ലിം)

❓ **ചോദ്യം:** എന്താണ് 'ത്വൗഹീദുൽ അസ്മാഇ വസ്സ്വിഫാത്'?

✍ **ഉത്തരം:** അല്ലാഹു ﷻ തന്റെ കിതാബിലും പ്രവാചകൻ ﷺ സ്വഹീഹായ ഹദീഥുകളിലും, അല്ലാഹു ﷻ യുടെ 'നഫ്സിനെ' വിശേഷിപ്പിച്ചത് യഥാർത്ഥരൂപത്തിൽ സ്ഥിരീകരിക്കലാണ് തൗഹീദുൽ അസ്മാഇ വസ്സ്വിഫാത് അഥവാ നാമ-വിശേഷണങ്ങളിലുള്ള അല്ലാഹു ﷻ യുടെ ഏകത്വം. 'തഅ്‌വീലും'(വ്യാഖ്യാനം)

'തശ്ബീഹും'(സാദൃശ്യപ്പെടുത്തൽ) 'തംഥീലും'(കോലപ്പെടുത്തൽ) 'തഅ്ത്വിലും'(നിരാകരിക്കൽ) 'തക്‌യീഫും'(എങ്ങിനെയെന്നുപറയൽ) ഇല്ലാതെയാണ് അവ സ്ഥിരീകരിക്കേണ്ടത്, 'ഇസ്തിവാഅ്' (അല്ലാഹു ﷻ സിംഹാസനസ്ഥനാണ്) 'നസൂല്'(അല്ലാഹു ﷻ യുടെ ഇറക്കം) 'യദ്''(അല്ലാഹു ﷻ യുടെ തിരുകരം) തുടങ്ങിയ സ്വിഫാത്തുകളെ അല്ലാഹു ﷻ യുടെ പൂർണ്ണതക്ക് അനുയോജ്യമാംവിധം സ്ഥിരീകരിക്കുക.

അല്ലാഹു ﷻ പറഞ്ഞു:

فَاطِرُ السَّمَاوَاتِ وَالْأَرْضِ جَعَلَ لَكُم مِّنْ أَنفُسِكُمْ أَزْوَاجًا وَمِنَ الْأَنْعَامِ أَزْوَاجًا يَذْرَؤُكُمْ فِيهِ لَيْسَ كَمِثْلِهِ شَيْءٌ وَهُوَ السَّمِيعُ الْبَصِيرُ

﴿......അവനു തുല്യമായി യാതൊന്നുമില്ല. അവൻ എല്ലാം കാണുന്നവനും കേൾക്കുന്നവനുമാകുന്നു.﴾ വി. ക്വു. (42: 11)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«يَنْزِلُ رَبُّنَا تَبَارَكَ وَتَعَالَى كُلَّ لَيْلَةٍ إِلَى السَّمَاءِ الدُّنْيَا»

((അല്ലാഹു എല്ലാ രാവുകളിലും ഭൗമാന്താരീക്ഷത്തോട് അടുത്ത ആകാശത്തിലേക്ക് ഇറങ്ങും))(മുസ്ലിം) അഥവാ അല്ലാഹു ﷻ യുടെ മഹത്വത്തിന് അനുയോജ്യമാംവിധം ഇറങ്ങും. അവനോട് അവന്റെ സൃഷ്ടികളിൽ ആരും സാദൃശ്യരല്ല.

❓ **ചോദ്യം:** അല്ലാഹു ﷻ എവിടെയാണ് ?

✍ **ഉത്തരം:** അല്ലാഹു ﷻ ആകാശങ്ങൾക്കുപരിയിൽ സിംഹാസനസ്ഥനാണ്.

അല്ലാഹു ﷻ പറഞ്ഞു:

الرَّحْمَنُ عَلَى الْعَرْشِ اسْتَوَى

﴾പരമകാരുണികൻ സിംഹാസനസ്ഥനായിരിക്കുന്നു﴿ വി.ക്വു.20:5)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«إِنَّ اللَّهَ كَتَبَ كِتَابًا قَبْلَ أَنْ يَخْلُقَ الْخَلْقَ...فَهُوَ مَكْتُوبٌ عِنْدَهُ فَوْقَ الْعَرْشِ»

((നിശ്ചയം, അല്ലാഹു സൃഷ്ടികളെ പടക്കുന്നതിനുമുമ്പ് ഒരു ഗ്രന്ഥം എഴുതി. അത് അവന്റെ അടുത്ത് 'അർശിന് ' മുകളിൽ എഴുതപ്പെട്ടതാണ്. (ബുഖാരി)

**ചോദ്യം:** അല്ലാഹു ﷻ നമ്മോടൊപ്പം ഉണ്ടോ ?

**ഉത്തരം:** നമ്മെ കേൾക്കുന്നവനും, കാണുന്നവനും നമ്മുടെ അവസ്ഥകൾ അറിയുന്നവനുമായി അല്ലാഹു ﷻ നമ്മോടൊപ്പമുണ്ട്.

അല്ലാഹു ﷻ പറഞ്ഞു:

قَالَ لَا تَخَافَا إِنَّنِي مَعَكُمَا أَسْمَعُ وَأَرَى

﴾നിങ്ങൾ ഭയപ്പെടേണ്ട. തീർച്ചയായും ഞാൻ നിങ്ങളുടെ കൂടെയുണ്ട്. ഞാൻ കേൾക്കുകയും കാണുകയും ചെയ്യുന്നുണ്ട്﴿ (വി. ക്വു. 20: 46)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«إِنَّكُمْ تَدْعُونَ سَمِيعًا قَرِيبًا وَهُوَ مَعَكُمْ»

((നിങ്ങൾ 'ദുആഅ് ' ചെയ്യുന്നത് സസൂക്ഷ്മം കേൾക്കുന്നവനും സമീപസ്ഥനുമായവനോടാണ് തീർച്ച. അവൻ നിങ്ങളോടൊപ്പമുണ്ട്.)) (മുസ്‌ലിം)

**❓ ചോദ്യം:** തൗഹീദുകൊണ്ടുള്ള നേട്ടമെന്ത് ?

**✍ ഉത്തരം:** ആഖിറത്തിൽ ശാശ്വത ശിക്ഷയിൽനിന്ന് നിർഭയത്വവും, ഇഹത്തിൽ സന്മാർഗ്ഗവും പാപങ്ങൾ മായിക്കപ്പെടലുമാണ്.

അല്ലാഹു ﷻ പറഞ്ഞു:

الَّذِينَ آمَنُواْ وَلَمْ يَلْبِسُواْ إِيمَانَهُم بِظُلْمٍ أُوْلَـئِكَ لَهُمُ الأَمْنُ وَهُم مُّهْتَدُونَ

﴿വിശ്വസിക്കുകയും, തങ്ങളുടെ വിശ്വാസത്തിൽ അന്യായം കൂട്ടിക്കലർത്താതിരിക്കുകയും ചെയ്തവരാരോ അവർക്കാണ് നിർഭയത്വമുള്ളത്. അവർതന്നെയാണ് നേർമാർഗ്ഗം പ്രാപിച്ചവർ﴾ (വി. ക്വു. (6: 82)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«...وَحَقُّ الْعِبَادِ عَلَى اللّهِ أَنْ لاَ يُعَذِّبَ مَنْ لاَ يُشْرِكُ بِهِ شَيْئاً...»

((അടിമകൾക്ക് അവന്റെ മേലുള്ള അവകാശമാകട്ടെ, അല്ലാഹുവിൽ ഒന്നിനേയും പങ്കുചേർക്കാത്തവരെ അവൻ ശിക്ഷിക്കുകയില്ല എന്നതുമാണ്.)) (ബുഖാരി, മുസ്‌ലിം)

# കർമ്മങ്ങൾ സ്വീകരിക്കപ്പെടുവാൻ

**❓ ചോദ്യം:** കർമ്മങ്ങൾ സ്വീകരിക്കപെടുവാനുള്ള ശർത്വുകൾ ഏതെല്ലാം ?

**✍ ഉത്തരം:** അല്ലാഹുവിന്റെ അടുത്ത് കർമ്മങ്ങൾ സ്വീകരിക്കപ്പെടുവാൻ ശർത്വുകൾ മൂന്നെണ്ണമാകുന്നു.

1. അല്ലാഹു ﷻ യിലുള്ള വിശ്വാസവും അവനെ ഏകനാക്കലുമാകുന്നു. അന്ത്യനാളിൽ അവിശ്വാസികളുടെ കർമ്മങ്ങൾക്ക് സംഭവിക്കുന്നതിനെക്കുറിച്ച് അല്ലാഹു ﷻ പറഞ്ഞു:

وَقَدِمْنَا إِلَى مَا عَمِلُوا مِنْ عَمَلٍ فَجَعَلْنَاهُ هَبَاء مَّنثُورًا

﴿അവർ പ്രവർത്തിച്ച കർമ്മങ്ങളുടെ നേരെ നാം തിരിയുകയും, നാമതിനെ ചിതറിയ ധൂളിപോലെ ആക്കിത്തീർക്കുകയും ചെയ്യും.﴾ (വി. ക്വു. (25: 23)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

« قُلْ آمَنْتُ بِاللّٰهِ ثُمَّ اسْتَقِمْ »

((നീ പറയുക, ഞാൻ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു. ശേഷം നേരേ ജീവിക്കുക.)) (മുസ്‌ലിം)

അല്ലാഹു ﷻ യിലുള്ള വിശ്വാസം ശരിയാകുവാനുള്ള ശർത്വുകളിൽ പെട്ടതാണ്, കർമ്മങ്ങൾ ചെയ്യുന്നവൻ തന്റെ ഈമാനിനെ കുഫ്റോ, ശിർക്കോ ചെയ്തുകൊണ്ട് പൊളിക്കാതിരിക്കുക എന്നത്. അമ്പിയാക്കളോടും മരണപ്പെട്ടവരോ

ടും ദുആയിരക്കുക, അവരോട് സഹായാർത്ഥന നടത്തുക തുടങ്ങിയ ഇബാദതുകൾ അല്ലാഹു ﷻ അല്ലാത്തവർക്ക് ചെയ്യൽ കൊണ്ട് പ്രസ്തുത കുഫ്റും ശിർക്കും സംഭവിക്കും.

അല്ലാഹു ﷻ പറഞ്ഞു:

وَلَقَدْ أُوحِيَ إِلَيْكَ وَإِلَى الَّذِينَ مِنْ قَبْلِكَ لَئِنْ أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ الْخَاسِرِينَ

﴿തീർച്ചയായും നിനക്കും നിന്റെ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ: '(അല്ലാഹുവിന്) നീ പങ്കാളിയെ ചേർക്കുന്ന പക്ഷം തീർച്ചയായും നിന്റെ കർമ്മം നിഷ്ഫലമായിപ്പോകുകയും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും.'﴾ (വി. ക്വു. 39: 65)

2. ഇഖ്ലാസ്വ്: ലോകമാന്യതയോ, പ്രശസ്തിയോ ഉദ്ദേശിക്കാതെ അല്ലാഹു ﷻ ക്കുവേണ്ടി മാത്രമായി നിഷ്കളങ്കവുമായി കർമ്മങ്ങൾ നിർവ്വഹിക്കലാണ് ഇഖ്ലാസ്വ്.

അല്ലാഹു ﷻ പറഞ്ഞു:

فَادْعُوا اللَّهَ مُخْلِصِينَ لَهُ الدِّينَ وَلَوْ كَرِهَ الْكَافِرُونَ

﴿അതിനാൽ കീഴ്വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കിക്കൊണ്ട് അവനോട് നിങ്ങൾ പ്രാർത്ഥിക്കുക....﴾(വി.ക്വു. 40:14)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«من قال لا آله إلا الله مخلصاً دخل الجنة»

((ആരെങ്കിലും മുഖ്ലിസ്വ് ആയിക്കൊണ്ട് 'لاَ إِلــهَ إِلاَّ اللّٰهُ' പറഞ്ഞാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കും.)) (ബസ്സാർ, അൽബാനി ഹദീഥിനെ സ്വഹീഹാക്കിയിട്ടുണ്ട്)

3. മുവാഫഖത്തുർറസൂൽ ﷺ: അല്ലാഹുവിന്റെ റസൂൽ ﷺ യുടെ ചര്യയോട് യോജിക്കുക.

അല്ലാഹു ﷻ പറഞ്ഞു:

مَّا أَفَاء اللَّهُ عَلَى رَسُولِهِ مِنْ أَهْلِ الْقُرَى فَلِلَّهِ وَلِلرَّسُولِ وَلِذِي الْقُرْبَى وَالْيَتَامَى وَالْمَسَاكِينِ وَابْنِ السَّبِيلِ كَيْ لَا يَكُونَ دُولَةً بَيْنَ الْأَغْنِيَاء مِنكُمْ وَمَا آتَاكُمُ الرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَانتَهُوا وَاتَّقُوا اللَّهَ إِنَّ اللَّهَ شَدِيدُ الْعِقَابِ

﴿നിങ്ങൾക്ക് റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽനിന്ന് അദ്ദേഹം വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞു നിൽക്കുകയും ചെയ്യുക﴾(വി.ക്വു. 59:7)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«مَنْ عَمِلَ عَمَلًا لَيْسَ عَلَيْهِ أَمْرُنَا فَهُوَ رَدٌّ»

((ആരെങ്കിലും വല്ല അമലും ചെയ്താൽ അതിൽ നമ്മുടെ കൽപന ഇല്ലായെങ്കിൽ, പ്രസ്തുത(അമൽ) തള്ളപ്പെടേണ്ടതാണ്.)) (മുസ്‌ലിം)

# അശ്ശിർക്കുൽ അക്ബർ അഥവാ വലിയ ശിർക്ക്

**ചോദ്യം:** എന്താണ് ശിർക്കുൽ അക്ബർ ?

**ഉത്തരം:** ദുആഅ്, ബലി, തുടങ്ങിയ ആരാധനയുടെ ഇനങ്ങളിൽ ഏതെങ്കിലുമൊന്ന് അല്ലാഹു ﷻ അല്ലാത്തവരിലേക്ക് തിരിക്കലാണ് 'അശ്ശിർക്കുൽ അക്ബർ'.

അല്ലാഹു ﷻ പറയുന്നു:

وَلاَ تَدْعُ مِن دُونِ اللّهِ مَا لاَ يَنفَعُكَ وَلاَ يَضُرُّكَ فَإِن فَعَلْتَ فَإِنَّكَ إِذًا مِّنَ الظَّالِمِينَ

﴾അല്ലാഹുവിനു പുറമെ നിനക്ക് ഉപകാരം ചെയ്യാത്തതും, നിനക്ക് ഉപദ്രവം ചെയ്യാത്തതുമായ യാതൊന്നിനോടും നീ പ്രാർത്ഥിക്കരുത്. നീ അപ്രകാരം ചെയ്യുന്നപക്ഷം തീർച്ചയായും നീ അക്രമികളുടെ കൂട്ടത്തിലായിരിക്കും.﴿ (വി.ക്വു.10:106)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«أَكْبَرُ الْكَبَائِرِ الْإِشْرَاكُ بِاللَّهِ وَعُقُوقُ الْوَالِدَيْنِ وَشَهَادَةُ الزُّورِ»

((വൻപാപങ്ങളിൽ ഗൗരവമേറിയത്; അല്ലാഹുവിങ്കൽ പങ്കുചേർക്കലും മാതാപിതാക്കളെ ധിക്കരിക്കലും കള്ളസാക്ഷ്യവുമാണ്.)) (മുസ്‌ലിം)

❓ **ചോദ്യം:** അല്ലാഹു ﷻ യുടെ അടുത്ത് ഗൗരവമേറിയ പാപം ഏതാണ് ?

✍ **ഉത്തരം:** അല്ലാഹു ﷻ യുടെ അടുത്ത് ഗൗരവമേറിയ പാപം 'അശ്ശിർക്കുൽ അക്ബർ' ആണ്.

അല്ലാഹു ﷻ പറയുന്നു:

وَإِذْ قَالَ لُقْمَانُ لِابْنِهِ وَهُوَ يَعِظُهُ يَا بُنَيَّ لَا تُشْرِكْ بِاللَّهِ إِنَّ الشِّرْكَ لَظُلْمٌ عَظِيمٌ

﴿.....എന്റെ കുഞ്ഞുമകനേ, നീ അല്ലാഹുവോട് പങ്കുചേർക്കരുത്. തീർച്ചയായും അങ്ങനെ പങ്കുചേർക്കുന്നത് വലിയ അക്രമം തന്നെയാകുന്നു.' ﴾ (വി.ക്വു. (31: 13)

അല്ലാഹുവിന്റെ റസൂൽ ﷺ ചോദിക്കപ്പെട്ടു: അല്ലാഹു ﷻ യുടെ അടുക്കൽ ഏത് പാപമാണ് വലുത്? അദ്ദേഹം പറഞ്ഞു:

«أَنْ تَدْعُوَ للهِ نِدًّا وَهُوَ خَلَقَكَ»

((അല്ലാഹു നിന്നെ സൃഷ്ടിച്ചിരിക്കെ നീ അവന് പങ്കുകാരനെ വിളിക്കലാണ്.)) (ബുഖാരി)

❓ **ചോദ്യം:** ഈ സമുദായത്തിൽ ശിർക്ക് ഉണ്ടോ ?

✍ **ഉത്തരം:** അതെ, ഉണ്ട്.

അല്ലാഹു ﷻ പറഞ്ഞു:

وَمَا يُؤْمِنُ أَكْثَرُهُمْ بِاللَّهِ إِلَّا وَهُمْ مُشْرِكُونَ

﴿അവരിൽ അധികപേരും അല്ലാഹുവിൽ വിശ്വസിക്കുന്നത് അവനോട് (മറ്റുള്ളവരെ) പങ്കുചേർക്കുന്നവരായിക്കൊണ്ട് മാത്രമാണ്. ﴾ വി. ക്വു. 12: 106)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«لَا تَقُومُ السَّاعَةُ حَتَّى تَلْحَقَ قَبَائِلُ مِنْ أُمَّتِي بِالْمُشْرِكِينَ وَحَتَّى يَعْبُدُوا الْأَوْثَانَ»

((ക്വിയാമത്ത് നാൾ സംഭവിക്കുകയില്ല; എന്റെ ഉമ്മത്തിലെ ചില ഗോത്രങ്ങൾ മുശ്‌രിക്കുകളോട് ചെന്നുചേരുന്നതുവരെ. അവർ വിഗ്രഹങ്ങളെ ആരാധിക്കുന്നതുവരേയും.)) (തിർമുദി, അൽബാനി ഹദീഥിനെ സ്വഹീഹാക്കിയിട്ടുണ്ട്)

**? ചോദ്യം:** മരണപ്പെട്ടവരോടും അദൃശ്യരോടും 'ദുആഅ്' ചെയ്യുന്നതിന്റെ വിധിയെന്ത് ?

**✍ ഉത്തരം:** അവരോട് 'ദുആ' ചെയ്യൽ വലിയ ശിർക്കാണ്.

അല്ലാഹു ﷻ പറഞ്ഞു:

إِن تَدْعُوهُمْ لَا يَسْمَعُوا دُعَاءَكُمْ وَلَوْ سَمِعُوا مَا اسْتَجَابُوا لَكُمْ وَيَوْمَ الْقِيَامَةِ يَكْفُرُونَ بِشِرْكِكُمْ وَلَا يُنَبِّئُكَ مِثْلُ خَبِيرٍ

﴿നിങ്ങൾ അവരോട് പ്രാർത്ഥിക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുന്നതല്ല. ഉയിർത്തെഴുന്നേൽപ്പിന്റെ നാളിലാകട്ടെ നിങ്ങൾ അവരെ പങ്കാളിയാക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്.......﴾ (വി. ക്വു. 35: 14)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«مَنْ ماتَ وهُوَ يدعُو مِنْ دونِ اللّهِ نداً، دخلَ النارَ»

((അല്ലാഹുവിന് സമന്മാരെവിളിച്ച് പ്രാർത്ഥിച്ചുകൊണ്ട് ആരെങ്കിലും മരിച്ചാൽ അവൻ നരകത്തിൽ പ്രവേശിച്ചതുതന്നെ.)) (ബുഖാരി)

❓ **ചോദ്യം:** മരിച്ചവർ 'ദുആഅ് '(പ്രാർത്ഥന) കേൾക്കുമോ?
✍ **ഉത്തരം:** അവർ 'ദുആഅ് ' കേൾക്കില്ല.

അല്ലാഹു ﷻ പറഞ്ഞു:

وَمَا يَسْتَوِي الْأَحْيَاء وَلَا الْأَمْوَاتُ إِنَّ اللَّهَ يُسْمِعُ مَن يَشَاء وَمَا أَنتَ بِمُسْمِعٍ مَّن فِي الْقُبُورِ

﴾....നിനക്ക് ക്വബ്റുകളിലുള്ളവരെ കേൾപ്പിക്കുവാനാവില്ല......﴿ (വി.ക്വു. 35:22)

ഇബ്നു ഉമർ رضي الله عنه വിൽ നിന്നും നിവേദനം: പ്രവാചകൻ ﷺ ബദറിലെ (ബഹുദൈവവിശ്വാസികളുടെ മൃതദേഹങ്ങൾ ഉപേക്ഷിച്ച)ക്വലീബ് കിണറിന്റെയടുത്ത് നിന്നു. അദ്ദേഹം ചോദിച്ചു: ((നിങ്ങളോട് നിങ്ങളുടെ റബ്ബ് വാഗ്ദാനം ചെയ്തത് നിങ്ങൾ കണ്ടുവോ? പിന്നീട് അദ്ദേഹം പറഞ്ഞു: അവർ ഇപ്പോൾ ഞാൻ പറഞ്ഞത് കേൾക്കുന്നു. ഈ (സംഭവം) ആഇശ رضي الله عنها യോട് പറയുകയുണ്ടായി. അപ്പോൾ അവർ പറഞ്ഞു: ((നിശ്ചയം, അവർ ഇപ്പോൾ അറിയുക തന്നെ ചെയ്യുന്നു)) എന്ന് മാത്രമാണ് പ്രവാചകൻ ﷺ പറഞ്ഞത്. അഥവാ 'പ്രവാചകൻ ﷺ അവരോട് പറഞ്ഞിരുന്നതാണ് സത്യം' എന്ന കാര്യം. പിന്നീട് ആഇശ رضي الله عنها ഓതി:

إِنَّكَ لَا تُسْمِعُ الْمَوْتَى وَلَا تُسْمِعُ الصُّمَّ الدُّعَاء إِذَا وَلَّوْا مُدْبِرِينَ

﴾മരണപ്പെട്ടവരെ നിനക്ക് കേൾപ്പിക്കാനാവുകയില്ല; തീർച്ച.﴿ (വി. ക്വു. 27: 80)

ഈ ഹദീഥിന്റെ റിപ്പോർട്ടർ ക്വതാദ പറയുന്നു: "ആ മുശ്‌രിക്കുകൾക്ക് ആക്ഷേപവും നിന്ദ്യതയും നഷ്ടവും ഖേദ

വും അവരോടുള്ള പ്രതികാരവും ആകുവാൻവേണ്ടി അവർക്ക് അല്ലാഹു ﷻ ജീവൻ നൽകി. പ്രവാചകൻ ﷺ യുടെ വാക്കുകൾ അവരെ കേൾപ്പിക്കുകയും ചെയ്തു." (ബുഖാരി)

## ഈ ഹദീഥിൽനിന്നും ഗ്രഹിക്കാവുന്ന കാര്യങ്ങൾ:

1. മുശ്‌രിക്കുകളിലെ കൊല്ലപ്പെട്ടവർ കേൾക്കുകയെന്നത് താൽക്കാലികം മാത്രമായിരുന്നു. ((അവർ ഇപ്പോൾ കേൾക്കുന്നു)) എന്ന പ്രവാചകൻ ﷺ യുടെ വാക്ക് അതാണ് അറിയിക്കുന്നത്. അതിന്റെ 'മഫ്ഹൂം' ഇതിന് ശേഷം അവർ കേൾക്കുകയില്ല എന്നാണ്. കാരണം, ഹദീഥ് റിപ്പോർട്ട് ചെയ്ത റാവി ക്വതാദഃ رحمه الله പറഞ്ഞതു പോലെ: അല്ലാഹു അവരെ ജീവിപ്പിച്ചു; അവരെ ആക്ഷേപിക്കുവാനും നിന്ദിക്കുവാനും പ്രവാചകൻ ﷺ യുടെ വാക്കുകൾ അവരെ കേൾപ്പിക്കുവാൻ വേണ്ടി.
2. ഇബ്നു ഉമർ رضي الله عنه വിന്റെ റിപ്പോർട്ടിനെ ആഇശഃ رضي الله عنها നിഷേധിച്ചത്. അല്ലാഹുവിന്റെ റസൂൽ ﷺ "അവർ കേൾക്കുന്നു" എന്ന് പറഞ്ഞില്ല. പ്രത്യുത ((അവരിപ്പോൾ അറിയുന്നു)) എന്നാണ് പറഞ്ഞത്. ആയത്തുകൊണ്ടാണ് അവർ അതിന് തെളിവ് പിടിച്ചത്. അല്ലാഹു ﷻ പറഞ്ഞു:

   إِنَّكَ لَا تُسْمِعُ الْمَوْتَى وَلَا تُسْمِعُ الصُّمَّ الدُّعَاء إِذَا وَلَّوْا مُدْبِرِينَ

   ﴿മരണപ്പെട്ടവരെ നിനക്ക് കേൾപ്പിക്കാനാവുകയില്ല; തീർച്ച.﴾ (വി. ക്വു. 27: 80)
3. ആഇശഃ رضي الله عنها യുടേയും ഇബ്നു ഉമർ رضي الله عنه വിന്റെയും റിപ്പോർട്ടുകളെ ഇപ്രകാരം തൗഫീക്വുചെയ്യാം: വിശുദ്ധ ക്വുർആൻ വ്യക്തമാക്കിയതുപോലെ മരണപ്പെട്ടവർ കേൾക്കുകയില്ല എന്നതാണ് അടിസ്ഥാനം.. പക്ഷെ അല്ലാഹുവിന്റെ

റസൂൽ ﷺ ക്കുള്ള 'മുഅ്ജിസത്ത്' എന്നോണം അല്ലാഹു ﷻ ബദ്റിൽ കൊല്ലപ്പെട്ടവർക്ക് അവർ കേൾക്കുവോളം ജീവൻ നൽകി; ഹദീഥ് റിപ്പോർട്ട് ചെയ്ത റാവി ക്വതാദഃ ﵀ വ്യക്തമാക്കിയതുപോലെ.

# അശ്ശിർക്കുൽ അക്ബറിന്റെ ഇനങ്ങൾ

? **ചോദ്യം:** മരണപ്പെട്ടവരോടും അദൃശ്യരായവരോടും നമുക്ക് സഹായാർത്ഥന പാടുണ്ടോ?

**ഉത്തരം:** നാം അവരോട് സഹായർത്ഥന നടത്തരുത്; പ്രത്യുത അല്ലാഹു ﷻ യോട് മാത്രം.

അല്ലാഹു ﷻ പറഞ്ഞു:

وَالَّذِينَ يَدْعُونَ مِن دُونِ اللّهِ لاَ يَخْلُقُونَ شَيْئًا وَهُمْ يُخْلَقُونَ أَمْواتٌ غَيْرُ أَحْيَاء وَمَا يَشْعُرُونَ أَيَّانَ يُبْعَثُونَ

﴾അല്ലാഹുവിന് പുറമെ അവർ ആരെയൊക്കെ വിളിച്ചു പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നുവോ അവർ യാതൊന്നും സൃഷ്ടിക്കുന്നില്ല. അവരാകട്ടെ സൃഷ്ടിക്കപ്പെടുന്നവരുമാണ്. അവർ (പ്രാർത്ഥിക്കപ്പെടുന്നവർ) മരിച്ചവരാണ്. ജീവനുള്ളവരല്ല. ഏത് സമയത്താണ് അവർ ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുക എന്ന് അവർ അറിയുന്നുമില്ല.﴿ (വി. ക്വു. 16: 20,21)

അല്ലാഹു ﷻ പറഞ്ഞു:

إِذْ تَسْتَغِيثُونَ رَبَّكُمْ فَاسْتَجَابَ لَكُمْ أَنِّي مُمِدُّكُم بِأَلْفٍ مِّنَ الْمَلآئِكَةِ مُرْدِفِينَ

﴿നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് സഹായം തേടിയിരുന്ന സന്ദർഭം (ഓർക്കുക)﴾ വി. ക്വു (8: 9)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«يَا حَيُّ يَا قَيُّومُ بِرَحْمَتِكَ أَسْتَغِيثُ »

((ഹയ്യും ക്വയ്യൂമുമായവനെ നിന്റെ 'റഹ്മത്തിനെ' മുൻനിർത്തി നിന്നോട് ഞാൻ സഹായാർത്ഥന നടത്തുന്നു.))
(തിർമുദി, അൽബാനി ഹദീഥിനെ സ്വഹീഹാക്കിയിട്ടുണ്ട്)

**? ചോദ്യം:** അല്ലാഹു ﷻ അല്ലാത്തവരോട് സഹായതേട്ടം അനുവദനീയമാണോ ?

**✍ ഉത്തരം:** അല്ലാഹു ﷻ അല്ലാത്തവരോട് സഹായതേട്ടം അനുവദനീയമല്ല.

അല്ലാഹു ﷻ പറയുന്നു:إِيَّاكَ نَعْبُدُ وإِيَّاكَ نَسْتَعِينُ

﴿നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു.നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു.﴾ (വി. ക്വു 1: 5) അഥവാ, ഇബാദത്ത്(ആരാധന) കൊണ്ടും ദുആഅ് (പ്രാർത്ഥന) കൊണ്ടും ഇസ്തിആനത്(സഹായതേട്ടം) കൊണ്ടും ഞങ്ങൾ നിന്നെ പ്രത്യേകമാക്കുന്നു.

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«إِذَا سَأَلْتَ فَاسْأَلِ اللَّهَ وَإِذَا اسْتَعَنْتَ فَاسْتَعِنْ بِاللَّهِ»

((നീ ചോദിച്ചാൽ അല്ലാഹു ﷻ യോട് ചോദിക്കുക. നീ സഹായം തേടിയാൽ അല്ലാഹു ﷻ യോട് സഹായം തേടുക.))
(തിർമുദി, അൽബാനി ഹദീഥിനെ സ്വഹീഹാക്കിയിട്ടുണ്ട്)

**? ചോദ്യം:** ജീവിച്ചിരിക്കുന്നവരോട് നമുക്ക് സഹായാർത്ഥന നടത്താമോ ?

✍ **ഉത്തരം:** അതെ, അവർക്ക് കഴിയുന്ന കാര്യങ്ങളിൽ.

അല്ലാഹു ﷻ പറഞ്ഞു:

يَا أَيُّهَا الَّذِينَ آمَنُواْ لاَ تُحِلُّواْ شَعَآئِرَ اللّهِ وَلاَ الشَّهْرَ الْحَرَامَ وَلاَ الْهَدْيَ وَلاَ الْقَلآئِدَ وَلا آمِّينَ الْبَيْتَ الْحَرَامَ يَبْتَغُونَ فَضْلاً مِّن رَّبِّهِمْ وَرِضْوَانًا وَإِذَا حَلَلْتُمْ فَاصْطَادُواْ وَلاَ يَجْرِمَنَّكُمْ شَنَآنُ قَوْمٍ أَن صَدُّوكُمْ عَنِ الْمَسْجِدِ الْحَرَامِ أَن تَعْتَدُواْ وَتَعَاوَنُواْ عَلَى الْبرِّ وَالتَّقْوَى وَلاَ تَعَاوَنُواْ عَلَى الإِثْمِ وَالْعُدْوَانِ وَاتَّقُواْ اللّهَ إِنَّ اللّهَ شَدِيدُ الْعِقَابِ

﴾.....പുണ്യത്തിലും ധർമ്മനിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹായിക്കുക.......﴿ (വി. ക്വു. 5: 2)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«وَاللَّهُ فِي عَوْنِ الْعَبْدِ مَا كَانَ الْعَبْدُ فِي عَوْنِ أَخِيهِ»

((അല്ലാഹു ﷻ അടിമയുടെ സഹായത്തിനുണ്ടാകും. ഒരടിമ തന്റെ സഹോദരനെ സഹായിക്കുന്ന കാലത്തോളം.))(മുസ്‌ലിം)

❓ **ചോദ്യം:** അല്ലാഹു ﷻ അല്ലാത്തവരുടെമേൽ നേർച്ചനേരൽ അനുവദനീയമാണോ?

✍ **ഉത്തരം:** അല്ലാഹു ﷻ വിന്റെ പേരിൽ മാത്രമേ നേർച്ച പാടുള്ളൂ.

അല്ലാഹു ﷻ പറഞ്ഞു:

إِذْ قَالَتِ امْرَأَةُ عِمْرَانَ رَبِّ إِنِّي نَذَرْتُ لَكَ مَا فِي بَطْنِي مُحَرَّرًا فَتَقَبَّلْ مِنِّي إِنَّكَ أَنتَ السَّمِيعُ الْعَلِيمُ

﴿ഇംറാന്റെ ഭാര്യ പറഞ്ഞ സന്ദർഭം (ശ്രദ്ധിക്കുക): എന്റെ രക്ഷിതാവേ, എന്റെ വയറ്റിലുള്ള കുഞ്ഞിനെ നിനക്കായി ഉഴിഞ്ഞുവെക്കുവാൻ ഞാൻ നേർച്ചനേർന്നിരിക്കുന്നു. ആകയാൽ നീ എന്നിൽ നിന്ന് അത് സ്വീകരിക്കേണമേ.﴾ (വി.ക്വു.3:35)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«منْ نذَرَ أنْ يطيعَ اللّٰهَ فليطعْه، ومن نذر أن يعصيَ اللّٰه، فلا يعصِه»

((ആരെങ്കിലും അല്ലാഹുവിനെ അനുസരിക്കുവാൻ നേർച്ചയാക്കിയാൽ അവൻ അല്ലാഹുവിനെ അനുസരിച്ചുകൊള്ളട്ടെ. ആരെങ്കിലും അല്ലാഹുവിനെ ധിക്കരിക്കുവാൻ നേർച്ചയാക്കിയാൽ അപ്പോൾ അവൻ അല്ലാഹുവിനെ ധിക്കരിക്കാതിരിക്കട്ടെ.)) (ബുഖാരി)

**ചോദ്യം:** അല്ലാഹു അല്ലാത്തവർക്ക് ബലി അനുവദനീയമാണോ ?

**ഉത്തരം:** അനുവദനീയമല്ല. അല്ലാഹു ﷻ പറഞ്ഞു:

قُلْ إِنَّ صَلاَتِي وَنُسُكِي وَمَحْيَايَ وَمَمَاتِي لِلّهِ رَبِّ الْعَالَمِينَ
لاَ شَرِيكَ لَهُ وَبِذَلِكَ أُمِرْتُ وَأَنَاْ أَوَّلُ الْمُسْلِمِينَ

﴿പറയുക: തീർച്ചയായും എന്റെ പ്രാർത്ഥനയും, എന്റെ ആരാധനാകർമ്മങ്ങളും, എന്റെ ജീവിതവും, എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിനുള്ളതാകുന്നു. അവന്ന് പ

കുകാരേയില്ല. അപ്രകാരമാണ് ഞാൻ കൽപ്പിക്കപ്പെട്ടിരിക്കുന്നത്. (അവന്ന്) കീഴ്പെടുന്നവരിൽ ഞാൻ ഒന്നാമനാണ്.﴿
(വി. ക്വു. 6: 162,163)

فَصَلِّ لِرَبِّكَ وَانْحَرْ

﴾ആകയാൽ നീ നിന്റെ രക്ഷിതാവിനുവേണ്ടി നമസ്കരിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക﴿ (വി.ക്വു.108:2)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«لَعَنَ اللّٰهُ مَنْ ذَبَحَ لِغَيْرِ اللّٰهِ»

((അല്ലാഹു അല്ലാത്തവർക്കായി (അവരുടെ പ്രീതിക്കുവേണ്ടി) അറുക്കുന്നവനെ അല്ലാഹു ശപിച്ചിരിക്കുന്നു.)) (മുസ്ലിം)

**❓ ചോദ്യം:** കഅ്ബക്ക് ചുറ്റുമല്ലാതെ ത്വവാഫ് ചെയ്യാമോ?

**✍ ഉത്തരം:** കഅ്ബക്ക് ചുറ്റുമല്ലാതെ ത്വവാഫ് പാടില്ല.

അല്ലാഹു ﷻ പറഞ്ഞു:

ثُمَّ لْيَقْضُوا تَفَثَهُمْ وَلْيُوفُوا نُذُورَهُمْ وَلْيَطَّوَّفُوا بِالْبَيْتِ الْعَتِيقِ

﴾....പുരാതനമായ ആ ഭവനത്തെ പ്രദക്ഷിണം വെക്കുകയും ചെയ്തുകൊള്ളട്ടെ.﴿ (വി. ക്വു. 22: 29)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«مَنْ طَافَ بِالْبَيْتِ وَصَلَّى رَكْعَتَيْنِ كَانَ كَعِتْقِ رَقَبَةٍ»

((ആരെങ്കിലും കഅ്ബ ത്വവാഫ് ചെയ്യുകയും രണ്ട് റക്അത്ത് നമസ്കരിക്കുകയും ചെയ്താൽ അത് ഒരടിമയെ മോചിപ്പിച്ചതുപോലെയാണ്.)) (സുനനു ഇബ്നി മാജഃ, അൽബാനി ഹദീഥിനെ സ്വഹീഹാക്കിയിട്ടുണ്ട്)

**❓ ചോദ്യം:** 'സിഹ്റി'(മാരണത്തി)ന്റെ വിധി എന്താണ് ?

✍ **ഉത്തരം:** 'സിഹ്ർ ' 'കുഫ്ർ'(അവിശ്വാസം) ആണ്.

അല്ലാഹു ﷻ പറഞ്ഞു:

..... وَلَـكِنَّ الشَّيْاطِينَ كَفَرُواْ يُعَلِّمُونَ النَّاسَ السِّحْرَ....

﴿ .....എന്നാൽ ജനങ്ങൾക്ക് മാന്ത്രികവിദ്യ പഠിപ്പിച്ചു കൊടുത്തു കൊണ്ട് പിശാചുക്കളാണ് ദൈവനിഷേധത്തിലേർപ്പെട്ടത്........ ﴾ (വി. ക്വു. 2: 102)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«اجْتَنِبُوا السَّبْعَ الْمُوبِقَاتِ قِيلَ يَا رَسُولَ اللَّهِ وَمَا هُنَّ قَالَ الشِّرْكُ بِاللَّهِ وَالسِّحْرُ»

((നാശകാരികളായ ഏഴ് വൻപാപങ്ങൾ നിങ്ങൾ ഉപേക്ഷിക്കുക. അല്ലാഹുവിൽ പങ്കുചേർക്കൽ, സിഹ്റ്(മാരണം),....))
(മുസ്‌ലിം)

❓ **ചോദ്യം:** ഭാവിപ്രവചിക്കുന്നവനേയും, ജ്യോത്സ്യനേയും, അദൃശ്യമറിയുമെന്നതിൽ നമുക്ക് സത്യപ്പെടുത്താമോ ?

✍ **ഉത്തരം:** അവരെ നാം സത്യപെടുത്താവതല്ല.

അല്ലാഹു ﷻ പറഞ്ഞു:

قُل لَّا يَعْلَمُ مَن فِي السَّمَاوَاتِ وَالْأَرْضِ الْغَيْبَ إِلَّا اللَّهُ وَمَا يَشْعُرُونَ أَيَّانَ يُبْعَثُونَ

﴿(നബിയേ), പറയുക; ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരാരും അദൃശ്യകാര്യം അറിയുകയില്ല; അല്ലാഹു അല്ലാതെ...........﴾
(വി.ക്വു. 27: 65)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«مَنْ أَتَى عَرّافاً أو كَاهِناً ، فَصَدّقَهُ بِمَا يَقُولُ، فَقَدْ كَفَرَ بِمَا أُنْزِلَ عَلَى مُحَمّدٍ ﷺ»

((ആരെങ്കിലും വല്ല ഭാവി പ്രവചിക്കുന്നവനേയോ അല്ലെങ്കിൽ ജ്യോത്സ്യനേയോ സമീപിക്കുകയും അയാൾ പറയുന്നത് സത്യപ്പെടുത്തുകയും ചെയ്താൽ അവൻ മുഹമ്മദ് നബി ﷺ ക്ക് അവതരിപ്പിക്കപ്പെട്ടതിൽ അവിശ്വസിച്ചിരിക്കുന്നു))
(സുനനു അബീദാവൂദ്, സുനനുത്തിർമുദി. അൽബാനി ഹദീഥിനെ സ്വഹീഹാക്കിയിട്ടുണ്ട്)

**? ചോദ്യം:** ആർക്കെങ്കിലും അദൃശ്യം അറിയുമോ ?

**ഉത്തരം:** അല്ലാഹു ﷻ അല്ലാതെ മറ്റാരും അദൃശ്യമറിയില്ല.
അല്ലാഹു ﷻ പറഞ്ഞു:

وَعِندَهُ مَفَاتِحُ الْغَيْبِ لاَ يَعْلَمُهَا إِلاَّ هُوَ وَيَعْلَمُ مَا فِي الْبَرِّ وَالْبَحْرِ وَمَا تَسْقُطُ مِن وَرَقَةٍ إِلاَّ يَعْلَمُهَا وَلاَ حَبَّةٍ فِي ظُلُمَاتِ الأَرْضِ وَلاَ رَطْبٍ وَلاَ يَابِسٍ إِلاَّ فِي كِتَابٍ مُّبِينٍ

﴿അവന്റെ പക്കലാകുന്നു അദൃശ്യകാര്യത്തിന്റെ ഖജനാവുകൾ. അവനല്ലാതെ അവ അറിയുകയില്ല........﴾ (വി.ക്വു. 6: 59)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

« لاَ يَعْلَمُ الْغَيْبَ إِلاَّ اللّٰه»

((അല്ലാഹു ﷻ അല്ലാതെ ആരും അദൃശ്യം അറിയുകയില്ല.)) (ത്വബറാനി, ഹദീഥ് ഹസനാകുന്നു)

**? ചോദ്യം:** ഇസ്‌ലാമിന് എതിരായ നിയമങ്ങൾ കൊണ്ട് പ്രവർത്തിക്കുന്നതിന്റെ വിധി എന്ത് ?

**ഉത്തരം:** ഇസ്‌ലാമിന് എതിരായ നിയമങ്ങൾ കൊണ്ട് പ്രവർത്തിക്കൽ കുഫ്റ് ആണ്. ആരെങ്കിലും അത് അനുവദിക്കുകയോ, അതിന്റെ സാധ്യതയിൽ വിശ്വസിക്കുകയോ ചെയ്താൽ അവൻ ഇസ്‌ലാമിൽ നിന്ന് പുറത്താണ്.

അല്ലാഹു ﷻ പറഞ്ഞു:

إِنَّا أَنزَلْنَا التَّوْرَاةَ فِيهَا هُدًى وَنُورٌ يَحْكُمُ بِهَا النَّبِيُّونَ الَّذِينَ أَسْلَمُواْ لِلَّذِينَ هَادُواْ وَالرَّبَّانِيُّونَ وَالأَحْبَارُ بِمَا اسْتُحْفِظُواْ مِن كِتَابِ اللّهِ وَكَانُواْ عَلَيْهِ شُهَدَاء فَلاَ تَخْشَوُاْ النَّاسَ وَاخْشَوْنِ وَلاَ تَشْتَرُواْ بِآيَاتِي ثَمَنًا قَلِيلاً وَمَن لَّمْ يَحْكُم بِمَا أَنزَلَ اللّهُ فَأُوْلَـئِكَ هُمُ الْكَافِرُونَ

﴾...അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് ആർ വിധിക്കുന്നില്ലയോ അവർ തന്നെയാകുന്നു അവിശ്വാസികൾ)﴿(വി.ക്വു.5:44)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«وَمَا لَمْ تَحْكُمْ أَئِمَّتُهُمْ بِكِتَابِ اللَّهِ وَيَتَخَيَّرُوا مِمَّا أَنْزَلَ اللَّهُ إِلَّا جَعَلَ اللَّهُ بَأْسَهُمْ بَيْنَهُمْ»

((അല്ലാഹുവിന്റെ ഗ്രന്ഥംകൊണ്ട് അവരുടെ നേതൃത്വം വിധിക്കാതിരിക്കുകയും അല്ലാഹു ﷻ അവതരിപ്പിച്ചതിൽനിന്ന് അവർ തെരഞ്ഞെടുക്കാതിരിക്കുകയും ചെയ്യുന്ന കാലം. അവരുടെ കുഴപ്പം അവർക്കിടയിൽ ആകുകതന്നെ ചെയ്യും.))

(സുനനു ഇബ്നി മാജഃ, അൽബാനി ഹദീഥിനെ ഹസനാക്കിയിട്ടുണ്ട്)

**ചോദ്യം:** ആരാണ് അല്ലാഹു ﷻ യെ സൃഷ്ടിച്ചത് ?

✍ **ഉത്തരം:** ഇത്തരം ചോദ്യങ്ങൾ കൊണ്ട് പിശാച് നിങ്ങളിൽ വല്ല വസ്‌വാസും ഉണ്ടാക്കിയാൽ അവർ അല്ലാഹു ﷻ യിൽ രക്ഷതേടട്ടെ. അല്ലാഹു ﷻ പറഞ്ഞു:

وَإِمَّا يَنزَغَنَّكَ مِنَ الشَّيْطَانِ نَزْغٌ فَاسْتَعِذْ بِاللَّهِ إِنَّهُ هُوَ السَّمِيعُ الْعَلِيمُ

﴾പിശാചിൽ നിന്നുള്ള വല്ല ദുഷ്പ്രേരണയും നിന്നെ വ്യതിചലിപ്പിച്ചു കളയുന്നപക്ഷം അല്ലാഹുവോട് നീ ശരണം തേടിക്കൊള്ളുക. തീർച്ചയായും അവൻ തന്നെയാകുന്നു എല്ലാം കേൾക്കുന്നവനും അറിയുന്നവനും.﴿ (വി. ക്വു. 41: 36)

അല്ലാഹുവിന്റെ റസൂൽ ﷺ ശെയ്ത്വാന്റെ കുതന്ത്രം തള്ളണമെന്ന് നമ്മെ പഠിപ്പിച്ചിട്ടുണ്ട്. നാം പറയേണ്ടത്:

«آمنتُ باللّهِ وَرُسُلِهِ ، اللّهُ أَحَدٌ ، اللّهُ الصَّمدُ ، لَمْ يَلِدْ ، وَلَمْ يُولَدْ ، وَلَمْ يَكُنْ لَهُ كُفُواً أَحَد »

"അല്ലാഹു ﷻ യിലും അവന്റെ റസൂൽ ﷺ യിലും ഞാൻ വിശ്വസിച്ചിരിക്കുന്നു. അല്ലാഹു ഏകനാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ (ആർക്കും) ജന്മം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവനു തുല്യനായി ആരും ഇല്ല താനും"

ശേഷം അവൻ തന്റെ ഇടതു ഭാഗത്തേക്ക് മൂന്നു തവണ തുപ്പട്ടെ. പിശാചിൽ നിന്ന് അവൻ അല്ലാഹു ﷻയിൽഅഭയം തേടട്ടെ. ശേഷം അവൻ വിരമിക്കട്ടെ. പിശാചിന്റെ 'വസ്‌വാസ്' അവനിൽ നിന്ന് പോയികിട്ടും." [1]

[1] സ്വഹീഹുൽ ബുഖാരി, സ്വഹീഹുമുസ്‌ലിം, മുസ്നദു അഹ്മദ്, സുനനു അബീദാവൂദ് എന്നിവകളിലുള്ള രിവായത്തുകളുടെ ചുരുക്കമാണ് ഇത്.

അല്ലാഹു ﷻ 'ഖാലിക്' (സൃഷ്ടാവ്) ആണെന്നും അവൻ 'മഖ്‌ലൂക്' ' (സൃഷ്ടി) അല്ലെന്നും പറയൽ നിർബന്ധമാണ്. ഒന്നു കൂടി ഈ വിഷയം മനസ്സിലേക്ക് അടുക്കുവാൻ നാം പറയുന്നു: 'രണ്ട് എന്ന എണ്ണസംഖ്യക്ക് മുമ്പ് ഒന്നാണ്. ഒന്നിന് മുമ്പ് ഒന്നുമില്ല. അപ്പോൾ അല്ലാഹു ﷻ ഏകനാണ് അവന് മുമ്പ് ഒന്നും ഇല്ല.

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«اللّهُمَّ أَنْتَ الأَوَّلُ فلَيْسَ قَبْلَك شَيْءٌ»

((അല്ലാഹുവേ നീയാണ് 'അൽഅവ്വൽ' നിനക്ക് മുമ്പ് യാതൊന്നുമില്ല.)) (മുസ്‌ലിം)

❓ **ചോദ്യം:** ഇസ്‌ലാമിന് മുമ്പുള്ള മുശ്‌രിക്കുകളുടെ വിശ്വാസം എന്താണ്?

✍ **ഉത്തരം:** അല്ലാഹു ﷻ യിലേക്ക് തങ്ങളെ അടുപ്പിക്കുവാനും, അല്ലാഹു ﷻ യോട് ശുപാർശ പറയുവാനും അവർ ഔലിയാക്കളെ വിളിച്ചിരുന്നു.

അല്ലാഹു ﷻ പറഞ്ഞു:

أَلَا لِلَّهِ الدِّينُ الْخَالِصُ وَالَّذِينَ اتَّخَذُوا مِن دُونِهِ أَوْلِيَاء مَا نَعْبُدُهُمْ إِلَّا لِيُقَرِّبُونَا إِلَى اللَّهِ زُلْفَى إِنَّ اللَّهَ يَحْكُمُ بَيْنَهُمْ فِي مَا هُمْ فِيهِ يَخْتَلِفُونَ إِنَّ اللَّهَ لَا يَهْدِي مَنْ هُوَ كَاذِبٌ كَفَّارٌ

﴿...അവനു(അല്ലാഹുവിനു) പുറമെ രക്ഷാധികാരികളെ സ്വീകരിച്ചവർ (പറയുന്നു:) 'അല്ലാഹുവിങ്കലേക്ക് ഞങ്ങൾക്ക് കൂടുതൽ അടുപ്പമുണ്ടാക്കിത്തരുവാൻ വേണ്ടി മാത്രമാകു

ന്നു ഞ ങ്ങൾ അവരെ ആരാധിക്കുന്നത്'...... ﴾ (വി. ക്വു. 39: 3)

അല്ലാഹു ﷻ പറഞ്ഞു:

وَيَعْبُدُونَ مِن دُونِ اللّهِ مَا لاَ يَضُرُّهُمْ وَلاَ يَنفَعُهُمْ وَيَقُولُونَ هَـؤُلاء شُفَعَاؤُنَا عِندَ اللّهِ قُلْ أَتُنَبِّئُونَ اللّهَ بِمَا لاَ يَعْلَمُ فِي السَّمَاوَاتِ وَلاَ فِي الأَرْضِ سُبْحَانَهُ وَتَعَالَى عَمَّا يُشْرِكُونَ

﴿അല്ലാഹുവിന് പുറമെ, അവർക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാത്തതിനെ അവർ ആരാധിച്ചുകൊണ്ടിരിക്കുന്നു. ഇവർ (ആരാധ്യർ) അല്ലാഹുവിന്റെ അടുക്കൽ ഞങ്ങൾക്കുള്ള ശുപാർശക്കാരാണ് എന്ന് പറയുകയും ചെയ്യുന്നു﴾(വി.ക്വു 10:18)

ചില മുസ്‌ലിംകൾ മുശ്‌രിക്കുകളോട് സദൃശ്യരായി ഇത് പ്രവർത്തിക്കുന്നുണ്ട്.

**❓ ചോദ്യം:** ശിർക്കിനെ നാം എങ്ങിനെ നിഷേധിക്കും ?

**✍ ഉത്തരം:** താഴെ പറയുന്ന കാര്യങ്ങൾ നിരാകരിക്കൽ കൊണ്ടല്ലാതെ ശിർക്കിനെ നിഷേധിക്കുവാനാവില്ല:

1. **റബ്ബിന്റെ പ്രവൃത്തികളിൽ ശിർക്ക് വെക്കുന്നത്.**

   **ഉദാഹരണം:** പ്രപഞ്ചത്തെ നിയന്ത്രിക്കുന്ന 'ക്വുതുബുകൾ' ഉണ്ട് എന്ന് വിശ്വസിക്കൽ.

   അല്ലാഹു ﷻ പറഞ്ഞു:

قُلْ مَن يَرْزُقُكُم مِّنَ السَّمَاء وَالأَرْضِ أَمَّن يَمْلِكُ السَّمْعَ والأَبْصَارَ وَمَن يُخْرِجُ الْحَيَّ مِنَ الْمَيِّتِ وَيُخْرِجُ الْمَيَّتَ مِنَ الْحَيِّ

وَمَن يُدَبِّرُ الأَمْرَ فَسَيَقُولُونَ اللهُ فَقُلْ أَفَلاَ تَتَّقُونَ

﴿.....കാര്യങ്ങൾ നിയന്ത്രിക്കുന്നതും ആരാണ്? അവർ പറയും: അല്ലാഹു എന്ന്....﴾ (വി. ക്വു. 10: 31)

**2. ഇബാദത്തിലുള്ള ശിർക്ക്.**

**ഉദാഹരണം:** അമ്പിയാക്കളോടും ഔലിയാക്കളോടും 'ദുആഅ്' ചെയ്യുന്നത്.

അല്ലാഹു ﷻ പറഞ്ഞു:

قُلْ إِنَّمَا أَدْعُو رَبِّي وَلَا أُشْرِكُ بِهِ أَحَدًا

﴿(നബിയേ), പറയുക: ഞാൻ എന്റെ രക്ഷിതാവിനെ മാത്രമേ വിളിച്ചു പ്രാർത്ഥിക്കുകയുള്ളു. അവനോട് യാതൊരാളേയും ഞാൻ പങ്കുചേർക്കുകയില്ല.﴾ (വി. ക്വു. 72: 20)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«الدُّعَاءُ هُوَ الْعِبَادَةُ»

((ദുആഅ്, അതാകുന്നു ഇബാദത്ത് )) (തിർമുദി. അൽബാനി ഹദീഥിനെ സ്വഹീഹാക്കിയിട്ടുണ്ട്)

**3. അല്ലാഹു ﷻ യുടെ സ്വിഫാത്തുകളിലുള്ള ശിർക്ക്.**

**ഉദാഹരണം:** അമ്പിയാ മുർസലിങ്ങൾക്കും ഔലിയാക്കൾക്കും 'ഗൈബ്' അറിയുമെന്ന വിശ്വാസം.

അല്ലാഹു ﷻ പറയുന്നു:

قُل لَّا يَعْلَمُ مَن فِي السَّمَاوَاتِ وَالْأَرْضِ الْغَيْبَ إِلَّا اللهُ وَمَا يَشْعُرُونَ أَيَّانَ يُبْعَثُونَ

﴾(നബിയേ), പറയുക; ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരാരും അദൃശ്യകാര്യം അറിയുകയില്ല; അല്ലാഹുവല്ലാതെ........﴿ (വി. ക്വു. 27: 65)

**4. 'തശ്ബീഹ്' ചെയ്തുകൊണ്ടുള്ള ശിർക്ക്.**

**ഉദാഹരണം:** ഞാൻ അല്ലാഹു ﷻ യോട് 'ദുആഅ്' ചെയ്യുമ്പോൾ എനിക്ക് ഒരാളെ ഇടയാളനായി വേണം; ഒരു നേതാവിലേക്ക് പ്രവേശിക്കുവാൻ മദ്ധ്യവർത്തി ഇല്ലാതെ എനിക്ക് സാധ്യമല്ലല്ലോ എന്ന് പറയുന്നതുപോലെ. ഇയാൾ യഥാർത്ഥത്തിൽ സൃഷ്ടികളെ അല്ലാഹു ﷻ യോട് സാദൃശ്യപ്പെടുത്തുകയാണ്. അത് ശിർക്കാകുന്നു. അല്ലാഹു ﷻ പറഞ്ഞു:

فَاطِرُ السَّمَاوَاتِ وَالْأَرْضِ جَعَلَ لَكُم مِّنْ أَنفُسِكُمْ أَزْوَاجًا وَمِنَ الْأَنْعَامِ أَزْوَاجًا يَذْرَؤُكُمْ فِيهِ لَيْسَ كَمِثْلِهِ شَيْءٌ وَهُوَ السَّمِيعُ الْبَصِيرُ

﴾.....അവനു തുല്യമായി യാതൊന്നുമില്ല.....﴿(വി.ക്വു. 42:11)

ഇത്തരക്കാരിലാണ് അല്ലാഹു ﷻ യുടെ വചനം അനുയോജ്യമായി ഭവിക്കുന്നത്. അല്ലാഹു ﷻ പറഞ്ഞു:

وَلَقَدْ أُوحِيَ إِلَيْكَ وَإِلَى الَّذِينَ مِنْ قَبْلِكَ لَئِنْ أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ الْخَاسِرِينَ

﴾...'(അല്ലാഹുവിന്) നീ പങ്കാളിയെ ചേർക്കുന്നപക്ഷം തീർച്ചയായും നിന്റെ കർമ്മം നിഷ്ഫലമായിപ്പോകുകയും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും.'﴿ (വി. ക്വു. 39: 65)

ഒരാൾ, തൗബചെയ്യുകയും ശിർക്കിന്റെ ഈ ഇനങ്ങൾ കയ്യൊഴിക്കുകയും ചെയ്താൽ അയാൾ മുവഹ്ഹിദ്(ഏകദൈവവിശ്വാസി) ആയി. അല്ലാഹുവേ നീ ഞങ്ങളെ മുവഹ്ഹിദുകളിൽ ഉൾപ്പെടുത്തേണമേ... നീ ഞങ്ങളെ മുശ്‌രിക്കുകളിൽ ഉൾപ്പെടുത്തരുതേ........

❓ **ചോദ്യം:** 'അശ്ശിർക്കുൽ അക്ബർ' കൊണ്ടുള്ള അപകടങ്ങൾ എന്താണ് ?

✍ **ഉത്തരം:** 'അശ്ശിർക്കുൽ അക്ബർ' നരകത്തിൽ ശാശ്വത ജീവിതത്തിന് കാരണമാക്കും. അല്ലാഹു ﷻ പറഞ്ഞു:

لَقَدْ كَفَرَ الَّذِينَ قَالُواْ إِنَّ اللّهَ هُوَ الْمَسِيحُ ابْنُ مَرْيَمَ وَقَالَ الْمَسِيحُ يَا بَنِي إِسْرَائِيلَ اعْبُدُواْ اللّهَ رَبِّي وَرَبَّكُمْ إِنَّهُ مَن يُشْرِكْ بِاللّهِ فَقَدْ حَرَّمَ اللّهُ عَلَيهِ الْجَنَّةَ وَمَأْوَاهُ النَّارُ وَمَا لِلظَّالِمِينَ مِنْ أَنصَارٍ

﴿.....അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്നപക്ഷം തീർച്ചയായും അല്ലാഹു അവന് സ്വർഗ്ഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല എന്നാണ്. ﴾ (വി. ക്വു. 5: 72)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«مَنْ لَقِيَ اللّه لاَ يُشْرِكُ بِهِ شَيْئًا دَخَلَ الْجَنّةَ، وَمَنْ لَقِيَهُ يُشْرِكُ بِهِ شَيْئًا دَخَلَ النّارَ»

((വല്ലവനും, അല്ലാഹുവിൽ ഒന്നിനേയും പങ്കുചേർക്കാതെ അവനെ (മരണാനന്തരം) കണ്ടുമുട്ടിയാൽ സ്വർഗ്ഗത്തിൽ

പ്രവേശിച്ചിരിക്കുന്നു. വല്ലവനും, അവനിൽ വല്ലതിനേയും പങ്കുചേർത്തുകൊണ്ട് (മരണാനന്തരം) കണ്ടുമുട്ടിയാൽ നരകത്തിൽ പ്രവേശിച്ചിരിക്കുന്നു)) (മുസ്‌ലിം)

❓ **ചോദ്യം:** ശിർക്ക് ഒരാളിൽ ഉള്ളതോടൊപ്പം കർമ്മങ്ങൾ അയാൾക്ക് ഉപകാരപ്പെടുമോ ?

✍ **ഉത്തരം:** ശിർക്ക് ഉള്ളതോടൊപ്പം കർമ്മങ്ങൾ അയാൾക്ക് ഉപകാരപ്പെടില്ല. അല്ലാഹു ﷻ പറഞ്ഞു:

ذَلِكَ هُدَى اللهِّ يَهْدِي بِهِ مَن يَشَاء مِنْ عِبَادِهِ وَلَوْ أَشْرَكُواْ لَحَبِطَ عَنْهُم مَّا كَانُواْ يَعْمَلُونَ

﴾.....അവർ (അല്ലാഹുവോട്) പങ്കുചേർത്തിരുന്നുവെങ്കിൽ അവർ പ്രവർത്തിച്ചിരുന്നതെല്ലാം അവരെ സംബന്ധിച്ചിടത്തോളം നിഷ്ഫലമായിപ്പോകുമായിരുന്നു.﴿ (വി. ക്വു. 6: 88)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: അല്ലാഹു ﷻ പറഞ്ഞിരിക്കുന്നു:

«أَنَا أَغْنَى الشُّرَكَاءِ عَنْ الشِّرْكِ مَنْ عَمِلَ عَمَلًا أَشْرَكَ فِيهِ مَعِي غَيْرِي تَرَكْتُهُ وَشِرْكَهُ»

**(**ഞാൻ ശിർക്ക് വെക്കുന്നവരിൽ നിന്നും ധന്യനാണ്. ഒരാൾ ഒരു പ്രവൃത്തി ചെയ്യുകയും അതിൽ എന്നോടൊപ്പം ഞാൻ അല്ലാത്തവരെ പങ്കുചേർക്കുകയും ചെയ്താൽ ഞാൻ അവനേയും അവൻ പങ്കുചേർത്ത കർമ്മത്തേയും ഉപേക്ഷിച്ചിരിക്കുന്നു**)** (മുസ്‌ലിം)

# അശ്ശിർക്കുൽ അസ്ഗർ അഥവാ ചെറിയ ശിർക്ക്

**ചോദ്യം:** എന്താണ് ശിർക്കുൽ അസ്ഗർ(ചെറിയ ശിർക്ക്)?

**ഉത്തരം:** ലോകമാന്യതയാണ് ചെറിയ ശിർക്ക്.

അല്ലാഹു ﷻ പറഞ്ഞു:

قُلْ إِنَّمَا أَنَا بَشَرٌ مِّثْلُكُمْ يُوحَى إِلَيَّ أَنَّمَا إِلَهُكُمْ إِلَهٌ وَاحِدٌ فَمَن كَانَ يَرْجُو لِقَاء رَبِّهِ فَلْيَعْمَلْ عَمَلًا صَالِحًا وَلَا يُشْرِكْ بِعِبَادَةِ رَبِّهِ أَحَدًا

﴾........അതിനാൽ വല്ലവനും തന്റെ രക്ഷിതാവുമായി കണ്ടുമുട്ടണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സൽകർമ്മം പ്രവർത്തിക്കുകയും, തന്റെ രക്ഷിതാവിനുള്ള ആരാധനയിൽ യാതൊന്നിനേയും പങ്കുചേർക്കാതിരിക്കുകയും ചെയ്തുകൊള്ളട്ടെ.﴿ വി. ക്വു. (18: 110)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«أخْوَفُ ما أخافُ عليكم الشركَ الأصغر» فسئل عنه فقال:«الرياء»

((നിങ്ങളുടെമേൽ ഞാൻ ഏറ്റവും ഭയക്കുന്നത് 'അശ്ശിർക്കുൽഅസ്ഗർ' ആണ്.)) അപ്പോൾ അദ്ദേഹം അതിനെക്കുറിച്ച് ചോദിക്കപ്പെട്ടു. അദ്ദേഹം പറഞ്ഞു: 'രിയാഅ്'(ലോകമാന്യത) )) (മുസ്നദു അഹ്മദ്. അൽബാനി ഹദീഥിനെ സ്വഹീഹാക്കിയിട്ടുണ്ട്)

അപ്രകാരം ശിർക്കുൽ അസ്ഗറിൽ (ചെറിയശിർക്കിൽ) പെട്ടതാകുന്നു: അല്ലാഹുവും നിർണിത വ്യക്തിയും ഇല്ലായിരുന്നുവെങ്കിൽ, അല്ലാഹുവും താങ്കളും ഉദ്ദേശിച്ചില്ലായിരുന്നുവെങ്കിൽ, എന്നിങ്ങനെയുള്ള വർത്തമാനങ്ങൾ.

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«لا تَقولُوا مَا شَاءَ اللّه وَشَاءَ فُلاَنٌ وَلَكِنْ قُولُوا مَا شَاءَ اللّه ثُمّ شَاءَ فُلاَنٌ»

((അല്ലാഹുവും നിശ്ചിത വ്യക്തിയും ഉദ്ദേശിച്ചത് ' എന്ന് നിങ്ങൾ പറയരുത്. എന്നാൽ 'അല്ലാഹുവും പിന്നീട് നിശ്ചിത വ്യക്തിയും ഉദ്ദേശിച്ചത് എന്നു പറയുക.)) (സുനനു അബീ ദാവൂദ്. അൽബാനി ഹദീഥിനെ സ്വഹീഹാക്കിയിട്ടുണ്ട്)

❓ **ചോദ്യം:** അല്ലാഹു ﷻ അല്ലാത്തവരെക്കൊണ്ട് സത്യംചെയ്യൽ അനുവദനീയമാണോ?

✍ **ഉത്തരം:** അല്ലാഹു ﷻ അല്ലാത്തവരെക്കൊണ്ട് സത്യംചെയ്യൽ അനുവദനീയമല്ല.

അല്ലാഹു ﷻ പറഞ്ഞു:

زَعَمَ الَّذِينَ كَفَرُوا أَن لَّن يُبْعَثُوا قُلْ بَلَى وَرَبِّي لَتُبْعَثُنَّ ثُمَّ لَتُنَبَّؤُنَّ بِمَا عَمِلْتُمْ وَذَلِكَ عَلَى اللَّهِ يَسِيرٌ

﴿(നബിയേ), പറയുക: അതെ; എന്റെ രക്ഷിതാവിനെ തന്നെയാണ്, നിങ്ങൾ ഉയിർത്തെഴുന്നേല്പ്പിക്കപ്പെടും..﴾(വി.ക്വു.64:7)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«مَنْ حَلَفَ بِغَيْرِ اللّه فقد كَفَرَ أو أشْرَكَ»

((അല്ലാഹു അല്ലാത്തവരെകൊണ്ട് ആരെങ്കിലും സത്യം ചെയ്താൽ അവൻ കാഫിറായി അല്ലെങ്കിൽ ശിർക്ക് ചെയ്തവനായി.)) (സുനനുത്തിർമുദി. അൽബാനി ഹദീഥിനെ സ്വഹീഹാക്കിയിട്ടുണ്ട് )

ചിലപ്പോൾ അമ്പിയാക്കളെക്കൊണ്ടും ഔലിയാക്കളെക്കൊണ്ടും സത്യം ചെയ്യൽ 'അശ്ശിർക്കുൻ അക്ബർ' തന്നെയാകും; സത്യം ചെയ്യുന്നവൻ താൻ ആരെകൊണ്ടാണോ സത്യം ചെയ്യുന്നത് ആ വ്യക്തിക്ക് തനിക്ക് ഉപദ്രവം വരുത്തുന്ന വല്ല കൈകാര്യങ്ങളുമുണ്ട് എന്ന് വിശ്വസിക്കുമ്പോൾ. പ്രസ്തുത ഭയപ്പാടുള്ളതിനാലാണ്; കളവ് പറയുന്നവനായി സത്യംചെയ്യുവാൻ ഉദ്ദേശിക്കുന്നവൻ താൻ ആരെക്കൊണ്ടാണോ സത്യംചെയ്യുന്നത് അയാളെ ഭയക്കുന്നത്. 'അശ്ശിർക്കുൻ അസ്ഗർ' ചെയ്യുന്നവനെ അത് നരകത്തിൽ ശാശ്വത വാസിയാക്കില്ലെങ്കിലും 'അശ്ശിർക്കുൻ അസ്ഗർ' വൻ പാപങ്ങളിൽ പെട്ടതാണ്.

❓ **ചോദ്യം:** രോഗശമനത്തിനായി നമുക്ക് നൂലും വളയവും ധരിക്കാമോ ?

✍ **ഉത്തരം:** നാം അവ ധരിക്കുവാൻ പാടില്ല.

അല്ലാഹു ﷻ പറഞ്ഞു:

﴾(നബിയേ), നിനക്ക് അല്ലാഹു വല്ല ദോഷവും വരുത്തിവെക്കുകയാണെങ്കിൽ അത് നീക്കം ചെയ്യുവാൻ അവനല്ലാതെ മറ്റാരുമില്ല..........﴿ (വി. ക്വു. 6: 17)

ഹുദൈഫ ﷺ വിൽനിന്നും നിവേദനം: അദ്ദേഹം ഒരാളുടെ കയ്യിൽ ഒരു നൂല് കെട്ടിയതായി കണ്ടു. പനി കാരണത്താലായിരുന്നു അത്. (ഹുദൈഫ ﷺ) അത് അറുത്തുമാറ്റി. വിശുദ്ധ ക്വുർആനിലെ ഒരു വചനം അദ്ദേഹം ഓതുകയും ചെയ്തു:

وَمَا يُؤْمِنُ أَكْثَرُهُمْ بِاللهِ إِلاَّ وَهُم مُّشْرِكُونَ

﴿അവരിൽ അധികപേരും അല്ലാഹുവിൽ വിശ്വസിക്കുന്നത് അവനോട് (മറ്റുള്ളവരെ) പങ്കുചേർക്കുന്നവരായിക്കൊണ്ട് മാത്രമാണ്.﴾ (വി. ക്വു. 12: 106)

❓ **ചോദ്യം:** കണ്ണേറ് തട്ടാതിരിക്കുവാൻ കൂച്ചും രക്ഷയും കെട്ടിബന്ധിക്കാമോ ?

✍ **ഉത്തരം:** കണ്ണേറിൽ നിന്ന് രക്ഷകിട്ടുവാൻ അവ കെട്ടുവാൻ പാടുള്ളതല്ല.

അല്ലാഹു ﷻ പറഞ്ഞു:

وَإِن يَمْسَسْكَ اللهُ بِضُرٍّ فَلاَ كَاشِفَ لَهُ إِلاَّ هُوَ وَإِن يَمْسَسْكَ بِخَيْرٍ فَهُوَ عَلَى كُلِّ شَيْءٍ قَدُيرٌ

﴿(നബിയേ), നിനക്ക് അല്ലാഹു വല്ല ദോഷവും വരുത്തിവെക്കുകയാണെങ്കിൽ അത് നീക്കം ചെയ്യുവാൻ അവനല്ലാതെ മറ്റാരുമില്ല..........﴾ (വി. ക്വു. 6: 17)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«مَنْ عَلَّقَ تَمِيمَةً فَقَدْ أَشْرَكَ»

((വല്ലവരും ഏലസ്സ് കെട്ടിയാൽ അവൻ ശിർക്ക് ചെയ്തിരിക്കുന്നു.)) (മുസ്നദു അഹ്മദ്. അൽബാനി ഹദീഥിനെ സ്വഹീഹാക്കിയിട്ടുണ്ട്)

പനിയോ, കണ്ണേറോ മറ്റോ ഏൽക്കാതിരിക്കുവാൻ കെട്ടുന്ന കൂച്ചുകളും മറ്റുമാണ് ഏലസ്സുകൾ.

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«إِنَّ الرُّقَى وَالتَّمَائِمَ وَالتِّوَلَةَ شِرْكٌ»

((നിശ്ചയം, മന്ത്രങ്ങൾ, ഏലസുകൾ, രക്ഷകൾ ശിർക്കാകുന്നു.)) (മുസ്നദു അഹ്മദ്. അൽബാനി ഹദീഥിനെ സ്വഹീഹാക്കിയിട്ടുണ്ട്) ഇവിടെ 'റുക്വാ' കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്,

അല്ലാഹു ﷻ അല്ലാത്തവരോട് സഹായാർത്ഥന നടത്തുന്നതുപോലുള്ള പദപ്രയോഗങ്ങളുള്ള ശിർക്കൻ മന്ത്രങ്ങളാകുന്നു. 'തിവലത്ത്" ആകട്ടെ, വ്യാജസിദ്ധന്മാർ വിശിഷ്യാ സ്ത്രീകൾക്ക് എഴുതി കൊടുക്കുന്നതാണ്. ചില പ്രത്യേക മഷികൾ കൊണ്ട് എഴുതപ്പെടുന്ന പ്രത്യേക അർത്ഥങ്ങളൊന്നുമില്ലാത്ത ലിപികളും അക്ഷരങ്ങളുമാണവ. ശിർക്കൻ മന്ത്രങ്ങൾ കൂട്ടിചേർത്തു കൊണ്ടാണ് അവർ അത് ഉണ്ടാക്കുന്നത്.

# തവസ്സുൽ

**❓ ചോദ്യം:** തവസ്സുലിന്റെ ഇനങ്ങൾ ഏതെല്ലാം ?

**✍ ഉത്തരം:**

**(ഒന്ന്) ശറആക്കപ്പെട്ട തവസ്സുൽ:** അല്ലാഹു ﷻ യുടെ നാമങ്ങൾ കൊണ്ടും സ്വിഫാത്തുകൾ കൊണ്ടും സൽപ്രവർത്തികൾ കൊണ്ടുമുള്ള തവസ്സുലാണ് ശറആക്കപ്പെട്ട തവസ്സുൽ. ജീവിച്ചിരിക്കുന്ന സ്വാലിഹീങ്ങളോട് 'ദുആഅ്' ചെയ്യുവാൻ ആവശ്യപ്പെടലും അപ്രകാരമാണ്.

അല്ലാഹു ﷻ പറയുന്നു:

وَللهِّ الأَسْمَاء الْحُسْنَى فَادْعُوهُ بِهَا وَذَرُواْ الَّذِينَ يُلْحِدُونَ فِي أَسْمَآئِهِ سَيُجْزَوْنَ مَا كَانُواْ يَعْمَلُونَ

﴿അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചു കൊള്ളുക.﴾ (വി.ക്വു.7:180) അഥവാ അല്ലാഹു ﷻ യുടെ നാമങ്ങൾകൊണ്ട് അവനിലേക്ക് ഇടതേടുന്നവരായി നിങ്ങൾ അല്ലാഹു ﷻ യോട് 'ദുആഅ്' ചെയ്യുക.

അല്ലാഹു ﷻ പറഞ്ഞു:

يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللهَّ وَابْتَغُواْ إِلَيهِ الْوَسِيلَةَ وَجَاهِدُواْ فِي سَبِيلِهِ لَعَلَّكُمْ تُفْلِحُونَ

﴿സത്യവിശ്വാസികളെ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും, അവനിലേക്ക് അടുക്കുവാനുള്ള മാർഗ്ഗം തേടുകയും ചെയ്യുക............﴾ (വി.ക്വു. 5:35) അഥവാ അല്ലാഹുവിന് വഴിപ്പെട്ടും അവന് തൃപ്തികരമായ കർമ്മങ്ങൾ ചെയ്തും അവനിലേക്ക് നിങ്ങൾ അടുക്കുക.

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«أَسْأَلُكَ بِكُلِّ اسْمٍ هُوَ لَكَ سَمَّيْتَ بِهِ نَفْسَكَ»

((അല്ലാഹുവേ, നീ നിനക്ക് പേരുവെച്ച നിനക്കുള്ള മുഴുവൻ നാമങ്ങൾ കൊണ്ടും നിന്നോട് ഞാൻ ചോദിക്കുന്നു.)) (മുസ്നദു അഹ്മദ്. അൽബാനി ഹദീഥിനെ സ്വഹീഹാക്കിയിട്ടുണ്ട്)

അല്ലാഹുവിന്റെ റസൂൽ ﷺ സ്വർഗ്ഗത്തിൽ തന്റെ സമീപവാസം ആഗ്രഹിച്ച സ്വഹാബിയോട് പറഞ്ഞു:

«فَأَعِنِّي عَلَى نَفْسِكَ بِكَثْرَةِ السُّجُودِ»

((താങ്കളുടെ ശരീരത്തിനുവേണ്ടി കൂടുതൽ സുജൂദ് ചെയ്ത് താങ്കൾ എന്നെ സഹായിക്കുക.)) (മുസ്‌ലിം)

ഗുഹയിൽ അകപ്പെട്ട മൂന്നുപേരുടെ സംഭവം: അവർ മൂന്നുപേരും തങ്ങളുടെ കർമ്മങ്ങളെ ഇടയാക്കി അല്ലാഹു ﷻ യോട് പ്രാർത്ഥിച്ചു. അപ്പോൾ അല്ലാഹു ﷻ അവർ അകപ്പെട്ട (പ്രയാസങ്ങളിൽ)നിന്ന് അവരെ രക്ഷപ്പെടുത്തി.

അല്ലാഹു ﷻ യോടുള്ള നമ്മുടെ സ്നേഹം അല്ലാഹുവിന്റെ റസൂൽ ﷺ യോടും ഔലിയാക്കളോടുമുള്ള നമ്മുടെ സ്നേഹം എന്നിവയെ വസീലയാക്കാം. കാരണം അവരോടുള്ള നമ്മുടെ സ്നേഹം സൽപ്രവർത്തികളിൽപ്പെട്ടതാണ്.

**(രണ്ട്): അനുവദനീയമല്ലാത്ത തവസ്സുൽ:**

മരണപ്പെട്ടവരോട് ഇടതേടലും അവരോട് ആവശ്യങ്ങ ൾ തേടലുമാണത്. ഇന്ന് കാണപ്പെടുന്ന തവസ്സുലുകൾ ഇത്ത രത്തിലാണ്. അത് വലിയ ശിർക്കാകുന്നു.

അല്ലാഹു ﷻ പറഞ്ഞു:

وَلاَ تَدْعُ مِن دُونِ اللّهِ مَا لاَ يَنفَعُكَ وَلاَ يَضُرُّكَ فَإِن فَعَلْتَ فَإِنَّكَ إِذًا مِّنَ الظَّالِمِينَ

﴿അല്ലാഹുവിനു പുറമെ നിനക്ക് ഉപകാരം ചെയ്യാത്തതും, നിനക്ക് ഉപദ്രവം ചെയ്യാത്തതുമായ യാതൊന്നിനോടും നീ പ്രാർത്ഥിക്കരുത്. നീ അപ്രകാരം ചെയ്യുന്നപക്ഷം തീർച്ചയാ യും നീ അക്രമികളുടെ കൂട്ടത്തിലായിരിക്കും﴾(വി.ക്വു.10:106)

എന്നാൽ, 'രക്ഷിതാവേ, മുഹമ്മദ് ﷺ യുടെ 'ജാഹ്' കൊണ്ട് നീ എനിക്ക് 'ശിഫാഅ്' നൽകേണമേ' എന്ന രീതിയി ൽ റസൂൽ ﷺ യുടെ ജാഹ് കൊണ്ട് തേടുന്നതിന് യാതൊ രു തെളിവുമില്ല. കാരണം, സ്വഹാബത്ത് ﷽ അപ്രകാരം ചെ യ്തിട്ടില്ല. മാത്രമല്ല ഉമർ ؓ, ജീവിച്ചിരിക്കുന്ന അബ്ബാസ് ؓ വി ന്റെ 'ദുആഅ്' കൊണ്ടാണ് തവസ്സുലാക്കിയത്. അദ്ദേഹം വഫാത്തായ റസൂൽ ﷺ യെക്കൊണ്ട് ഇടതേടിയിട്ടില്ല. ഈ രീതിയിൽ 'ജാഹ്' കൊണ്ടുള്ള ഇടതേട്ടം ശിർക്കിലേക്ക് എത്തി ക്കുന്നതാണ്. ഭരണാധികാരികൾക്കും വിധികർത്താക്കൾ ക്കും മദ്ധ്യസ്ഥർ ആവശ്യമുള്ളതുപോലെ അല്ലാഹു ﷻ യും മനുഷ്യരുടെ മദ്ധ്യസ്ഥത ആവശ്യമുള്ളവനാണ് എന്ന് വിശ്വസി ക്കുമ്പോഴാണ് അത് ശിർക്കിലേക്ക് എത്തുന്നത്. കാരണം, ഇത്തരക്കാർ സൃഷ്ടാവിനെ സൃഷ്ടിയോട് ഉപമിക്കുകയാണ്.

ഇമാം അബൂഹനീഫാ ﵀ പറഞ്ഞു: “ഞാൻ അല്ലാഹുവോട് അല്ലാഹു അല്ലാത്തവരെക്കൊണ്ട് തേടുന്നത് വെറുക്കുന്നു.”

**❓ ചോദ്യം:** അല്ലാഹു ﷻ യോടുള്ള ദുആഇൽ ഒരു ഇടയാള ന്റെ മദ്ധ്യസ്ഥത ആവശ്യമുണ്ടോ?

✍ **ഉത്തരം:** ‘ദുആ’യിൽ ഒരു ഇടയാളന്റേയും മദ്ധ്യസ്ഥത ആവശ്യമില്ല.

അല്ലാഹു ﷻ പറഞ്ഞു:

وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ أُجِيبُ دَعْوَةَ الدَّاعِ إِذَا دَعَانِ فَلْيَسْتَجِيبُواْ لِي وَلْيُؤْمِنُواْ بِي لَعَلَّهُمْ يَرْشُدُونَ

﴿നിന്നോട് എന്റെ ദാസന്മാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാണ് (എന്ന് പറയുക) .........﴾ (വി.ഖു. 2:186)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«إِنَّكُمْ تَدْعُونَ سَمِيعًا قَرِيبًا وَهُوَ مَعَكُمْ»

((നിങ്ങൾ ദുആഅ് ചെയ്യുന്ന അല്ലാഹു എല്ലാം കേൾക്കുന്നവ നും സമീപസ്ഥനും (നിങ്ങളെ കേൾക്കുകയും, കാണുകയും, അറിയുകയും ചെയ്യുന്നവനായി) നിങ്ങളോടൊപ്പവുമാണ്.)) (മുസ്‌ലിം)

**❓ ചോദ്യം:** ജീവിച്ചിരിക്കുന്നവരോട് ‘ദുആഅ്’ ചെയ്യുവാൻ ആവശ്യപ്പെടൽ അനുവദനീയമാണോ?

✍ **ഉത്തരം:** അതെ, ജീവിച്ചിരിക്കുന്നവരോട് ‘ദുആഅ്’ ചെ യ്യുവാൻ ആവശ്യപ്പെടൽ അനുവദനീയമാണ്. മരിച്ചവരോട് പാടില്ല.

അല്ലാഹു ﷻ പറഞ്ഞു:

فَاعْلَمْ أَنَّهُ لَا إِلَهَ إِلَّا اللَّهُ وَاسْتَغْفِرْ لِذَنبِكَ وَلِلْمُؤْمِنِينَ وَالْمُؤْمِنَاتِ وَاللَّهُ يَعْلَمُ مُتَقَلَّبَكُمْ وَمَثْوَاكُمْ

﴿......നിന്റെ പാപത്തിന് നീ പാപമോചനം തേടുക. സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും വേണ്ടിയും (പാപമോചനം തേടുക).........﴾ (വി. ക്വു. 47: 19)

ഒരു സ്വഹീഹായ ഹദീഥിൽ ഇപ്രകാരം കാണാം:

«أَنَّ رَجُلًا ضَرِيرَ الْبَصَرِ أَتَى النَّبِيَّ ﷺ فَقَالَ ادْعُ اللَّهَ أَنْ يُعَافِيَنِي»

“ഒരു അന്ധനായ മനുഷ്യൻ പ്രവാചകൻ ﷺ യുടെ അടുക്കൽ വന്നു. അപ്പോൾ അയാൾ പറഞ്ഞു: പ്രവാചകരെ, അല്ലാഹു എനിക്ക് ‘ആഫിയത്' നൽകുവാൻ വേണ്ടി താങ്കൾ പ്രാർത്ഥിച്ചാലും....” (മുസ്നദു അഹ്മദ്. സുനനുത്തിർമുദി. അൽബാനി ഹദീഥിനെ സ്വഹീഹാക്കിയിട്ടുണ്ട്)

**❓ ചോദ്യം:** അല്ലാഹുവിന്റെ റസൂൽ ﷺ യുടെ ‘വാസിത്വത്ത്’ (മധ്യസ്ഥത) എന്താണ് ?

**✍ ഉത്തരം:** ‘തബ്ലീഗ്’ (ദീൻ എത്തിക്കൽ) ആകുന്നു അല്ലാഹു വിന്റെ റസൂൽ ﷺ യുടെ ‘വാസിത്വത്ത്’(മധ്യസ്ഥത).

അല്ലാഹു ﷻ പറഞ്ഞു:

يَا أَيُّهَا الرَّسُولُ بَلِّغْ مَا أُنزِلَ إِلَيْكَ مِن رَّبِّكَ وَإِن لَّمْ تَفْعَلْ فَمَا بَلَّغْتَ رِسَالَتَهُ وَاللَّهُ يَعْصِمُكَ مِنَ النَّاسِ إِنَّ اللَّهَ لَا يَهْدِي الْقَوْمَ الْكَافِرِينَ

﴿ഹേ; റസൂലേ, നിന്റെ രക്ഷിതാവിങ്കൽ നിന്ന് നിനക്ക് അവതരിപ്പിക്കപ്പെട്ടത് നീ (ജനങ്ങൾക്ക്) എത്തിച്ചു കൊടുക്കുക...﴾

(വി. ക്വു. 5: 67)
“പ്രവാചകരെ താങ്കൾ തീർച്ചയായയും ദീൻ എത്തിച്ചിരിക്കുന്നു” എന്ന സ്വഹാബത്തിന്റെ വാക്കിനോട് പ്രതികരിച്ചുകൊണ്ട് അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«اللَّهُمَّ اشْهَدْ»

((അല്ലാഹുവേ നീ സാക്ഷിയാകൂ........)) (മുസ്‌ലിം)

# ശഫാഅത്ത്

❓ **ചോദ്യം:** അല്ലാഹുവിന്റെ റസൂൽ ﷺ യുടെ ശഫാഅത്ത് നാം ആരോടാണ് തേടേണ്ടത് ?

✍ **ഉത്തരം:** അല്ലാഹു ﷻ യോടാണ് നാം ശഫാഅത്ത് തേടേണ്ടത്.

അല്ലാഹു ﷻ പറഞ്ഞു:

قُل لِّلَّهِ الشَّفَاعَةُ جَمِيعًا لَّهُ مُلْكُ السَّمَاوَاتِ وَالْأَرْضِ ثُمَّ إِلَيْهِ تُرْجَعُونَ

﴿ പറയുക: അല്ലാഹുവിനാകുന്നു ശഫാഅത്ത് (ശുപാർശ) മുഴുവൻ..........﴾ (വി. ക്വു. 39: 44)

ഒരു സ്വഹാബിയെ പഠിപ്പിച്ചുകൊണ്ട് അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

« اللَّهُمَّ شَفِّعْهُ فِيَّ »

((അല്ലാഹുവേ,എന്റെ കാര്യത്തിൽ പ്രവാചകന്റെ ശുപാർശ നീ സ്വീകരിക്കേണമേ....)) (സുനനുത്തിർമുദി. അൽബാനി ഹദീഥി നെ സ്വഹീഹാക്കിയിട്ടുണ്ട്)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«وَإِنِّي اخْتَبَأْتُ دَعْوَتِي شَفَاعَةً لِأُمَّتِي يَوْمَ الْقِيَامَةِ فَهِيَ نَائِلَةٌ إِنْ شَاءَ اللَّهُ مَنْ مَاتَ مِنْ أُمَّتِي لَا يُشْرِكُ بِاللَّهِ شَيْئًا»

((എനിക്കുള്ള (ഉത്തരം നൽകപ്പെടുന്ന) ദുആഇനെ എന്റെ ഉമ്മത്തികൾക്ക് ശുപാർശക്കായി ഞാൻ എടുത്ത് മാറ്റിവെച്ചിട്ടു

ണ്ട്. അല്ലാഹു ഉദ്ദേശിച്ചാൽ, എന്റെ ഉമ്മത്തികളിൽ അല്ലാഹുവിൽ പങ്കുചേർക്കാത്തവർക്ക് അത് ലഭിക്കുന്നതാണ്.))(മുസ്‌ലിം)

❓ **ചോദ്യം:** ജീവിച്ചിരിക്കുന്നവരോട് നമുക്ക് ശുപാർശ ആവശ്യപ്പെടാമോ ?

✍ **ഉത്തരം:** ദുൻയവിയായ കാര്യങ്ങൾക്ക് നമുക്ക് ജീവിച്ചിരിക്കുന്നവരോട് ശുപാർശ ആവശ്യപ്പെടാവുന്നതാണ്.

അല്ലാഹു ﷻ പറഞ്ഞു:

مَّن يَشْفَعْ شَفَاعَةً حَسَنَةً يَكُن لَّهُ نَصِيبٌ مِّنْهَا وَمَن يَشْفَعْ شَفَاعَةً سَيِّئَةً يَكُن لَّهُ كِفْلٌ مِّنْهَا وَكَانَ اللهُ عَلَى كُلِّ شَيْءٍ مُّقِيتًا

﴾വല്ലവനും ഒരുനല്ല ശുപാർശ ചെയ്താൽ ആ നന്മയിൽ ഒരു പങ്ക് അവന്നുണ്ടായിരിക്കും. വല്ലവനും ഒരു ചീത്ത ശുപാർശ ചെയ്താൽ ആ തിന്മയിൽ ഒരു പങ്കും അവന്നുണ്ടായിരിക്കും.........﴿ (വി. ക്വു. 4: 85)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«اشْفَعُوا تُؤْجَرُوا»

((നിങ്ങൾ ശുപാർശ പറയുക, നിങ്ങൾക്ക് കൂലി നൽകപ്പെടും)) (സുനനുത്തിർമുദി. അൽബാനി ഹദീഥിനെ സ്വഹീഹാക്കിയിട്ടുണ്ട്)

❓ **ചോദ്യം:** അല്ലാഹുവിന്റെ റസൂൽ ﷺ യെ അതിരുവിട്ട് നമുക്ക് 'മദ്ഹ്' ചെയ്യാമോ ?

✍ **ഉത്തരം:** പ്രവാചകൻ ﷺ യെ മദ്ഹ് ചെയ്യുമ്പോൾ നമ്മൾ അതിരുവിടുവാൻ പാടുള്ളതല്ല.

അല്ലാഹു ﷻ പറഞ്ഞു:

قُلْ إِنَّمَا أَنَا بَشَرٌ مِّثْلُكُمْ يُوحَى إِلَيَّ أَنَّمَا إِلَهُكُمْ إِلَهٌ وَاحِدٌ فَمَن كَانَ يَرْجُو لِقَاء رَبِّهِ فَلْيَعْمَلْ عَمَلًا صَالِحًا وَلَا يُشْرِكْ بِعِبَادَةِ رَبِّهِ أَحَدًا

﴿(നബിയേ), പറയുക: ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ദൈവം ഏക ദൈവം മാത്രമാണെന്ന് എനിക്ക് ബോധനം നൽകപ്പെടുന്നു...﴾
(വി.ക്വു.18:110)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«لَا تُطْرُونِي كَمَا أَطْرَتْ النَّصَارَى ابْنَ مَرْيَمَ فَإِنَّمَا أَنَا عَبْدُهُ فَقُولُوا عَبْدُ اللَّهِ وَرَسُولُهُ»

((ക്രിസ്ത്യാനികൾ മർയമിന്റെ പുത്രനെ(ഈസാ عليه السلام) വാഴ്ത്തിയതുപോലെ നിങ്ങൾ എന്നെ വാഴ്ത്തരുത്. ഞാനൊരു അടിമ മാത്രമാണ്. അതിനാൽ നിങ്ങൾ അല്ലാഹുവിന്റെ അടിമയും ദൂതനും എന്നു പറയുക)) (ബുഖാരി, മുസ്‌ലിം)

ഹദീഥിൽ വന്ന 'തുത്വ്‌റൂനീ' എന്ന പദം അർത്ഥമാക്കുന്നത് മദ്ഹിൽ തീവ്രത കാണിക്കലും അതിരുകവിയലുമാണ്.

**? ചോദ്യം:** ആദിമ സൃഷ്ടി ആരാണ്?

**✍ ഉത്തരം:** മനുഷ്യരിൽ ആദിമ സൃഷ്ടി ആദമാണ്. വസ്തുക്കളിൽ ആദ്യത്തേത് പേനയാണ്.

അല്ലാഹു ﷻ പറഞ്ഞു:

إِذْ قَالَ رَبُّكَ لِلْمَلَائِكَةِ إِنِّي خَالِقٌ بَشَرًا مِن طِينٍ

﴾നിന്റെ രക്ഷിതാവ് മലക്കുകളോട് പറഞ്ഞ സന്ദർഭം: തീർച്ചയായും ഞാൻ കളിമണ്ണിൽ നിന്നും ഒരു മനുഷ്യനെ സൃഷ്ടിക്കുവാൻ പോകുകയാണ്. ﴿ (വി. ക്വു. 38: 71)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«كُلُّكُمْ بَنُو آدَم ، وَآدمُ خُلِقَ مِنْ تُرَابٍ»

((നിങ്ങൾ എല്ലാവരും ആദം സന്തതികളാണ്. ആദമാകട്ടെ മണ്ണിൽ നിന്നും സൃഷ്ടിക്കപ്പെട്ടതാണ്.)) (മുസ്നദു ബസ്സാർ. അൽ ബാനി ഹദീഥിനെ സ്വഹീഹാക്കിയിട്ടുണ്ട്)

«إِنَّ أَوَّلَ مَا خَلَقَ اللّٰهُ الْقَلَمَ»

((നിശ്ചയം അല്ലാഹു ﷻ ആദ്യമായി പടച്ചത് പേനയാണ്.)) (സുനനുത്തിർമുദി. അൽബാനി ഹദീഥിനെ സ്വഹീഹാക്കിയിട്ടുണ്ട്)

ആദിമ സൃഷ്ടി പ്രവാചകൻ ﷺ യുടെ പ്രകാശമാണ് എന്ന് അർത്ഥം വരുന്ന ഒരു വചനം ഇപ്രകാരമുണ്ട്:
'ജാബിർ, അല്ലാഹു ﷻ ആദ്യമായി പടച്ചത് താങ്കളുടെ പ്രവാചകന്റെ പ്രകാശമാണ്" എന്നാൽ, ഈ ഹദീഥ് വ്യാജനിർമ്മിതവും പ്രവാചകൻ ﷺ യുടെമേൽ കളവുമാണ്. അത് ക്വുർആനിനും സുന്നത്തിനും ഇതര പ്രമാണങ്ങൾക്കും ബുദ്ധിപരമായ സമീപനത്തിനും എതിരാണ്. ഇമാം സുയൂത്വി പറഞ്ഞു: ആ ഹദീഥിന് യാതൊരു അടിസ്ഥാനവുമില്ല. ഇമാം അൽഗമാരി പറഞ്ഞു: അത് 'മൗദ്വുഅ്" (വ്യാജനിർമ്മിത)മാണ്. അൽബാനി പറഞ്ഞു: ഈ ഹദീഥ് 'ബാത്വിൽ' ആണ്.

# ജിഹാദ്, വലാഅ്, ഹുക്മ്

**? ചോദ്യം:** അല്ലാഹു ﷻ യുടെ മാർഗ്ഗത്തിൽ ജിഹാദ് ചെയ്യുന്നതിന്റെ വിധി എന്ത് ?

**✍ ഉത്തരം:** സാധ്യതക്കനുസ്സരിച്ച് സമ്പത്തുകൊണ്ടും ശരീരം കൊണ്ടും നാവുകൊണ്ടും ജിഹാദ് ചെയ്യൽ വാജിബാണ്.

അല്ലാഹു ﷻ പറഞ്ഞു:

انْفِرُواْ خِفَافًا وَثِقَالاً وَجَاهِدُواْ بِأَمْوَالِكُمْ وَأَنفُسِكُمْ فِي سَبِيلِ اللّهِ ذَلِكُمْ خَيْرٌ لَّكُمْ إِن كُنتُمْ تَعْلَمُونَ

﴿നിങ്ങൾ സൗകര്യമുള്ളവരാണെങ്കിലും ഞെരുക്കമുള്ളവരാണെങ്കിലും (ധർമ്മസമരത്തിന്) ഇറങ്ങിപുറപ്പെട്ടുകൊള്ളുക. നിങ്ങളുടെ സ്വത്തുകൾക്കൊണ്ടും ശരീരങ്ങൾക്കൊണ്ടും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങൾ സമരം ചെയ്യുക...﴾ (വി.ക്വു.9:41)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

« جَاهِدُوا الْمُشْرِكِينَ بِأَمْوَالِكُمْ وَأَيدِيكُمْ وَأَلْسِنَتِكُمْ»

((നിങ്ങൾ മുശ്‌രിക്കുകളോട് നിങ്ങളുടെ സമ്പത്തുകൊണ്ടും ശരീരങ്ങൾകൊണ്ടും നാവുകൾകൊണ്ടും ജിഹാദ് ചെയ്യുക)) (സുനനു അബീദാവൂദ്. അൽബാനി ഹദീഥിനെ സ്വഹീഹാക്കിയിട്ടുണ്ട്)

**? ചോദ്യം:** എന്താണ് 'വലാഅ്'?

✍ **ഉത്തരം:** മുവഹ്ഹിദുകളായ മുഅ്മിനീങ്ങളെ സ്നേഹിക്കലും സഹായിക്കലുമാണ് 'വലാഅ്'.

അല്ലാഹു ﷻ പറഞ്ഞു:

وَالْمُؤْمِنُونَ وَالْمُؤْمِنَاتُ بَعْضُهُمْ أَوْلِيَاء بَعْضٍ يَأْمُرُونَ بِالْمَعْرُوفِ وَيَنْهَوْنَ عَنِ الْمُنكَرِ وَيُقِيمُونَ الصَّلاَةَ وَيُؤْتُونَ الزَّكَاةَ وَيُطِيعُونَ اللّهَ وَرَسُولَهُ أُوْلَـئِكَ سَيَرْحَمُهُمُ اللّهُ إِنَّ اللّهَ عَزِيزٌ حَكِيمٌ

﴿സത്യവിശ്വാസികളും സത്യവിശ്വാസിനികളും അന്യോന്യം മിത്രങ്ങളാകുന്നു.﴾ (വി. ക്വു. 9: 71)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«الْمُؤْمِنُ لِلْمُؤْمِنِ كَالْبُنْيَانِ يَشُدُّ بَعْضُهُ بَعْضًا»

((ഒരു മുഅ്മിൻ(സത്യവിശ്വാസി) മറ്റൊരു മുഅ്മിനിന് ഒരു എടുപ്പുപോലെയാണ്; അതിൽ ചിലത് ചിലതിനെ ബലപ്പെടുത്തുന്നു.))

❓ **ചോദ്യം:** കാഫിരീങ്ങളോട് 'മുവാലാത്തും' (മൈത്രീബന്ധവും) 'നുസ്രത്തും'(സഹായവും) പാടുണ്ടോ ?

✍ **ഉത്തരം:** ശത്രുക്കളായ അവിശ്വാസികളോട് 'മുവാലാത്തും' (മൈത്രീബന്ധവും) 'നുസ്രത്തും'(സഹായവും) പാടില്ല.

അല്ലാഹു ﷻ പറഞ്ഞു:

يَا أَيُّهَا الَّذِينَ آمَنُواْ لاَ تَتَّخِذُواْ الْيَهُودَ وَالنَّصَارَى أَوْلِيَاء بَعْضُهُمْ أَوْلِيَاء بَعْضٍ وَمَن يَتَوَلَّهُم مِّنكُمْ فَإِنَّهُ مِنْهُمْ إِنَّ اللّهَ لاَ يَهْدِي الْقَوْمَ الظَّالِمِينَ

﴾നിങ്ങളിൽ നിന്നാരെങ്കിലും അവരെ ഉറ്റമിത്രങ്ങളായി സ്വീകരിക്കുന്നപക്ഷം അവനും അവരിൽപ്പെട്ടവൻ തന്നെയാണ്﴿ (വി. ക്വു. 5: 51)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«إِنَّ آلَ أَبِي يَعْنِي فُلَانًا لَيْسُوا لِي بِأَوْلِيَاءَ»

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

((നിശ്ചയം, അബീ ഫുലാൻ കുടുംബം എനിക്ക് മിത്രങ്ങൾ അല്ല.)) (ബുഖാരി, മുസ്‌ലിം)

**ചോദ്യം:** അരാണ് 'വലിയ്യ് '?

**ഉത്തരം:** മുഅ്മിനും മുത്ത്വക്വിയുമാണ് വലിയ്യ്.

അല്ലാഹു ﷻ പറഞ്ഞു:

أَلا إِنَّ أَوْلِيَاء اللّهِ لاَ خَوْفٌ عَلَيْهِمْ وَلاَ هُمْ يَحْزَنُونَ

الَّذِينَ آمَنُواْ وَكَانُواْ يَتَّقُونَ

﴾ശ്രദ്ധിക്കുക: തീർച്ചയായും അല്ലാഹുവിന്റെ മിത്രങ്ങളാരോ അവർക്ക് യാതൊരു ഭയവുമില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല. വിശ്വസിക്കുകയും സൂക്ഷ്മതപാലിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരത്രെ അവർ.﴿ (വി. ക്വു. 10: 62,63)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«إِنَّمَا وَلِيِّيَ اللَّهُ وَصَالِحُ الْمُؤْمِنِينَ»

((എന്റെ 'വലിയ്യ് ' അല്ലാഹു മാത്രമാകുന്നു; മുഅ്മിനീങ്ങളിൽ സന്മാർഗികളും.)) (ബുഖാരി, മുസ്‌ലിം)

**ചോദ്യം:** മുസ്‌ലിംകൾ നിർബന്ധമായും വിധിക്കേണ്ടത് എന്തുകൊണ്ടാണ് ?

✍ **ഉത്തരം:** മുസ്‌ലിംകൾ വിശുദ്ധ ക്വുർആൻ കൊണ്ടും സ്വഹീഹായ ഹദീഥ് കൊണ്ടും വിധിക്കൽ നിർബന്ധമാകുന്നു.

അല്ലാഹു ﷻ പറഞ്ഞു:

وَأَنِ احْكُم بَيْنَهُم بِمَآ أَنزَلَ اللهُ

﴿അല്ലാഹു അവതരിപ്പിച്ചത് അനുസരിച്ച് അവർക്കിടയിൽ താങ്കൾ വിധിക്കുക.﴾ ( വി: ഖു: മാഇദ: 5: 49)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«أَلَا أَيُّهَا النَّاسُ فَإِنَّمَا أَنَا بَشَرٌ يُوشِكُ أَنْ يَأْتِيَ رَسُولُ رَبِّي فَأُجِيبَ وَأَنَا تَارِكٌ فِيكُمْ ثَقَلَيْنِ أَوَّلُهُمَا كِتَابُ اللَّهِ فِيهِ الْهُدَى وَالنُّورُ فَخُذُوا بِكِتَابِ اللَّهِ وَاسْتَمْسِكُوا بِهِ فَحَثَّ عَلَى كِتَابِ اللَّهِ وَرَغَّبَ فِيهِ ثُمَّ قَالَ: وَأَهْلُ بَيْتِي»

((ജനങ്ങളെ, അറിയുക. നിശ്ചയം ഞാൻ ഒരു മനുഷ്യൻ മാത്രമാണ്. എന്റെ റബ്ബിന്റെ ദൂതൻ (മലക്കുൽ മൗത്) വന്നടുക്കാറായി. അപ്പോൾ ഞാൻ ഉത്തരമേകിയേക്കും (മരണം വരിച്ചേക്കും). ഞാൻ നിങ്ങളിൽ (ഭാരിച്ചഉത്തരവാദിത്വമുള്ള) രണ്ടു കാര്യങ്ങൾ അവശേഷിപ്പിക്കുന്നു.അതിൽ ആദ്യത്തേത് അല്ലാഹുവിന്റെ കിതാബ് ആകുന്നു. അതിൽ സന്മാർഗ്ഗവും പ്രകാശവുമുണ്ട്. നിങ്ങൾ അല്ലാഹുവിന്റെ കിതാബിനെ സ്വീകരിക്കുകയും മുറുകെപ്പിടിക്കുകയും ചെയ്യുക.)) അങ്ങനെ പ്രവാചകൻ ﷺ അല്ലാഹു ﷻ യുടെ കിതാബ് (പഠിക്കുവാനും പഠിപ്പിക്കുവാനും) പ്രേരിപ്പിക്കുയും, പ്രോത് സാഹിപ്പിക്കുകയും ചെയ്തു. ശേഷം പറഞ്ഞു: ((എന്റെ

കുടുംബവും (അഹ്‌ലുൽ ബയ്ത്ത്) (ഞാൻ വിട്ടേക്കുന്നു) )) (മുസ്‌ലിം)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«تَرَكْتُ فِيكُمْ أَمْرَيْنِ لَنْ تَضِلُّوا مَا تَمَسَّكْتُمْ بِهِمَا كِتَابَ اللَّهِ وَسُنَّةَ نَبِيِّهِ»

((ഞാൻ നിങ്ങളിൽ രണ്ട് കാര്യങ്ങൾ വിട്ടിട്ട് പോകുന്നു. അവ രണ്ടും നിങ്ങൾ മുറുകെപ്പിടിക്കുന്ന കാലമത്രയും നിങ്ങൾ വഴിപിഴക്കുകയില്ല. അല്ലാഹുവിന്റെ കിതാബും അല്ലാഹുവിന്റെ റസൂലിന്റെ സുന്നത്തുമാകുന്നു അവ.)) (മുവത്ത്വഉ ഇമാം മാലിക്. അൽബാനി ഹദീഥിനെ സ്വഹീഹാക്കിയിട്ടുണ്ട്)

# ക്വുർആനും സുന്നത്തും

❓ **ചോദ്യം:** എന്തിനാണ് അല്ലാഹു ﷻ വിശുദ്ധ ക്വുർആൻ അവതരിപ്പിച്ചത് ?

✍ **ഉത്തരം:** വിശുദ്ധ ക്വുർആൻ കൊണ്ട് അമലുകൾ ചെയ്യുവാനാണ് അല്ലാഹു ﷻ അത് അവതരിപ്പിച്ചത്.

അല്ലാഹു ﷻ പറഞ്ഞു:

اتَّبِعُواْ مَا أُنزِلَ إِلَيْكُم مِّن رَّبِّكُمْ وَلاَ تَتَّبِعُواْ مِن دُونِهِ أَوْلِيَاء قَلِيلاً مَّا تَذَكَّرُونَ

﴿നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് നിങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നിങ്ങൾ പിൻപറ്റുക... ﴾ (വി. ക്വു 7: 3)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«اِقْرَؤُوا القُرآنَ وَاعمَلُوا بِهِ وَلاَ تَأْكلُوا بِهِ»

((നിങ്ങൾ ക്വുർആൻ ഓതുക, അതുകൊണ്ട് കർമ്മങ്ങൾ ചെയ്യുക, അതുകൊണ്ട് നിങ്ങൾ തിന്നരുത്.)) (മുസ്നദു അഹ്മദ്. ഹദീഥ് സ്വഹീഹ് ആകുന്നു.)

❓ **ചോദ്യം:** സ്വഹീഹായ ഹദീഥുകൾ കൊണ്ട് കർമ്മങ്ങൾ ചെയ്യുന്നതിന്റെ വിധിയെന്ത് ?

✍ **ഉത്തരം:** സ്വഹീഹായ ഹദീഥുകൾ കൊണ്ട് കർമ്മങ്ങൾ ചെയ്യൽ വാജിബ് ആകുന്നു.

അല്ലാഹു ﷻ പറഞ്ഞു:

مَّا أَفَاء اللَّهُ عَلَى رَسُولِهِ مِنْ أَهْلِ الْقُرَى فَلِلَّهِ وَلِلرَّسُولِ وَلِذِي الْقُرْبَى وَالْيَتَامَى وَالْمَسَاكِينِ وَابْنِ السَّبِيلِ كَيْ لَا يَكُونَ دُولَةً بَيْنَ الْأَغْنِيَاء مِنكُمْ وَمَا آتَاكُمُ الرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَانتَهُوا وَاتَّقُوا اللَّهَ إِنَّ اللَّهَ شَدِيدُ الْعِقَابِ

﴾...നിങ്ങൾക്ക് റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽനിന്ന് അദ്ദേഹം വിലക്കിയോ അതിൽനിന്ന് നിങ്ങൾ ഒഴിഞ്ഞു നിൽക്കുകയും ചെയ്യുക...) (വി.ക്വു.59:7)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«فَعَلَيْكُمْ بِسُنَّتِي وَسُنَّةِ الْخُلَفَاءِ الرَّاشِدِينَ الْمَهْدِيِّينَ فَتَمَسَّكُوا بِهَا

((....നിങ്ങൾക്ക്, എന്റേയും സന്മാർഗ്ഗം സിദ്ധിച്ചവരും സത്യമാർഗ്ഗികളുമായ ഖുലഫാഉകളുടേയും 'സുന്നത്ത്" നിർബന്ധമാണ്. അത് നിങ്ങൾ മുറുകെപ്പിടിക്കുക.)) (മുസ്നദു അഹ്മദ്. ഹദീഥ് സ്വഹീഹ് ആകുന്നു.)

❓ **ചോദ്യം:** ഹദീഥ് സ്വീകരിക്കാതെ നമുക്ക് ക്വുർആൻ മാത്രം മതിയോ ?

✍ **ഉത്തരം:** ഹദീഥ് സ്വീകരിക്കാതെ നമുക്ക് വിശുദ്ധ ക്വുർ ആൻ മാത്രം മതിയാവുകയില്ല. അല്ലാഹു ﷻ പറഞ്ഞു:

بِالْبَيِّنَاتِ وَالزُّبُرِ وَأَنزَلْنَا إِلَيْكَ الذِّكْرَ لِتُبَيِّنَ لِلنَّاسِ مَا نُزِّلَ إِلَيْهِمْ وَلَعَلَّهُمْ يَتَفَكَّرُونَ

﴾.....നിനക്കു നാം ഉൽബോധനം അവതരിപ്പിച്ചുതന്നിരിക്കുന്നു. ജനങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നീ അവർക്ക് വിവരിച്ചു കൊടുക്കാൻ വേണ്ടിയും, അവർ ചിന്തിക്കാൻ വേണ്ടിയും.﴿ (വി. ക്വു. 16: 44)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«أَلاَ إِنِّي أُتِيتُ الْقُرْآنَ وَمِثْلَهُ مَعَهُ»

((അറിയുക, എനിക്ക് ക്വുർആനും അതോടൊപ്പം അതുപോലുള്ളതും നൽകപ്പെട്ടിരിക്കുന്നു.)) (സുനനു അബീദാവൂദ്. ഹദീഥ് സ്വഹീഹ് ആകുന്നു.)

**❓ ചോദ്യം:** അല്ലാഹു ﷻ യുടെ വാക്കിനേക്കാളും അല്ലാഹുവിന്റെ റസൂൽ ﷺ യുടെ വാക്കിനേക്കാളും ആരുടെയെങ്കിലും നല്ലവാക്കിനെ മുന്തിപ്പിക്കുവാൻ പാടുണ്ടോ?

**✍ ഉത്തരം:** പാടില്ല.

അല്ലാഹു ﷻ പറഞ്ഞു:

يَا أَيُّهَا الَّذِينَ آمَنُوا لَا تُقَدِّمُوا بَيْنَ يَدَيِ اللَّهِ وَرَسُولِهِ وَاتَّقُوا اللَّهَ إِنَّ اللَّهَ سَمِيعٌ عَلِيمٌ

﴾സത്യവിശ്വാസികളെ, നിങ്ങൾ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും മുമ്പിൽ (യാതൊന്നും) മുൻകടന്നു പ്രവർത്തിക്കരുത്......﴿ വി. ക്വു. (49: 1)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«لَا طَاعَةَ لأَحَدٍ فِي مَعْصِيَةِ اللَّهِ إِنَّمَا الطَّاعَةُ فِي الْمَعْرُوفِ»

((അല്ലാഹു ﷻ യെ ധിക്കരിച്ച് ഒരാൾക്കും യാതൊരുവിധ അനുസരണവുമില്ല. നന്മയിൽ മാത്രമാണ് അനുസരണമുള്ളത്.)) (ബുഖാരി, മുസ്‌ലിം)

ഇബ്‌നു അബ്ബാസ് ﵄ പറഞ്ഞു:

"أُرَاهُمْ سَيَهْلِكُونَ. أَقُولُ: قَالَ النَّبِيُّ ﷺ وَيَقُولُونَ: نَهَى أَبُو بَكْرٍ وَعُمَرُ"

"അവർ നശിക്കുന്നതായി ഞാൻ കാണുന്നു. ഞാൻ പറയുന്നു അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞുവെന്ന്, നിങ്ങൾ അബൂബക്കറും ഉമറും വിരോധിച്ചിരിക്കുന്നുവെന്ന് (എതിരിൽ) പറയുകയോ?!" (മുസ്‌നദു അഹ്‌മദ്. അഹ്‌മദ് ശാകിർ ഹദീഥിനെ സ്വഹീഹാക്കിയിട്ടുണ്ട്)

❓ **ചോദ്യം:** നമ്മുടെ ദീനിന്റെ കാര്യത്തിൽ നമ്മൾ അഭിപ്രായ വ്യത്യാസത്തിലായാൽ നാം എന്താണ് ചെയ്യേണ്ടത് ?

✍ **ഉത്തരം:** നാം ക്വുർആനിലേക്കും സ്വഹീഹായ സുന്നത്തിലേക്കും മടങ്ങണം.

അല്ലാഹു ﷻ പറഞ്ഞു:

يَا أَيُّهَا الَّذِينَ آمَنُواْ أَطِيعُواْ اللّهَ وَأَطِيعُواْ الرَّسُولَ وَأُوْلِي الأَمْرِ مِنكُمْ فَإِن تَنَازَعْتُمْ فِي شَيْءٍ فَرُدُّوهُ إِلَى اللّهِ وَالرَّسُولِ إِن كُنتُمْ تُؤْمِنُونَ بِاللّهِ وَالْيَوْمِ الآخِرِ ذَلِكَ خَيْرٌ وَأَحْسَنُ تَأْوِيلاً

﴾.....ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാവുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്). അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും.﴿ (വി. ക്വു. 4: 59)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«تَرَكْتُ فِيكُمْ أَمْرَيْنِ لَنْ تَضِلُّوا مَا تَمَسَّكْتُمْ بِهِمَا كِتَابَ اللَّهِ وَسُنَّةَ نَبِيِّهِ»

((ഞാൻ നിങ്ങളിൽ രണ്ടുകാര്യങ്ങൾ വിട്ടിട്ട് പോകുന്നു. അവ രണ്ടും നിങ്ങൾ മുറുകെപ്പിടിക്കുന്ന കാലമത്രയും നിങ്ങൾ വഴിപിഴക്കുകയില്ല. അല്ലാഹുവിന്റെ കിതാബും അല്ലാഹുവിന്റെ റസൂലിന്റെ സുന്നത്തുമാകുന്നു അവ.)) (മുവത്ത്വഉ ഇമാം മാലിക്. അൽബാനി ഹദീഥിനെ സ്വഹീഹാക്കിയിട്ടുണ്ട്)

❓ **ചോദ്യം:** നാം എങ്ങനെയാണ് അല്ലാഹു ﷻ യേയും അല്ലാഹു വിന്റെ റസൂൽ ﷺ യേയും സ്നേഹിക്കേണ്ടത് ?

✍ **ഉത്തരം:** നാം അല്ലാഹു ﷻ യേയും അല്ലാഹുവിന്റെ റസൂൽ ﷺ യേയും അനുസ്സരിച്ചുകൊണ്ടും കൽപനകൾ പിൻപറ്റി ക്കൊണ്ടുമാണ് സ്നേഹിക്കേണ്ടത്.

അല്ലാഹു ﷻ പറഞ്ഞു:

قُلْ إِن كُنتُمْ تُحِبُّونَ اللهَّ فَاتَّبِعُونِي يُحْبِبْكُمُ اللهُّ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَاللهُّ غَفُورٌ رَّحِيمٌ

﴾(നബിയേ), പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ.﴿ (വി. ക്വു. 3: 31)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«لَا يُؤْمِنُ أَحَدُكُمْ حَتَّى أَكُونَ أَحَبَّ إِلَيْهِ مِنْ وَالِدِهِ وَوَلَدِهِ وَالنَّاسِ أَجْمَعِينَ»

((നിങ്ങൾ ആരുംതന്നെ; തന്റെ മാതാപിതാക്കളേക്കാളും മക്കളെക്കാളും മുഴുവൻ ജനങ്ങളേക്കാളും ഞാൻ അവനിലേക്ക് ഏറ്റവും ഇഷ്ടപ്പെട്ടവനാകുന്നതുവരെ വിശ്വാസിയാവുകയില്ല.)) (ബുഖാരി)

❓ **ചോദ്യം:** ക്വദ്റിൽ(വിധിയിൽ) അവലംബിച്ച് നമുക്ക് കർമ്മങ്ങൾ ഉപേക്ഷിക്കാമോ ?

✍ **ഉത്തരം:** ക്വദ്റിൽ(അല്ലാഹു ﷻ യുടെ വിധിയിൽ) അവലംബിച്ച് നാം ഒരിക്കലും കർമ്മങ്ങൾ ഉപേക്ഷിക്കുവാൻ പാടില്ല.

അല്ലാഹു ﷻ പറഞ്ഞു:

فَأَمَّا مَن أَعْطَى وَاتَّقَى

وَصَدَّقَ بِالْحُسْنَى

فَسَنُيَسِّرُهُ لِلْيُسْرَى

﴿എന്നാൽ ഏതൊരാൾ ദാനം നല്കുകയും, സൂക്ഷ്മത പാലിക്കുകയും, ഏറ്റവും ഉത്തമമായതിനെ സത്യപ്പെടുത്തുകയും ചെയ്തുവോ അവനു നാം ഏറ്റവും എളുപ്പമായതിലേക്ക് സൗകര്യപ്പെടുത്തിക്കൊടുക്കുന്നതാണ്﴾(വി.ക്വു. 92:5 -7)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«اعْمَلُوا فَكُلٌّ مُيَسَّرٌ لِمَا خُلِقَ لَهُ»

((നിങ്ങൾ പ്രവർത്തിക്കുക, എല്ലാവരും താൻ സൃഷ്ടിക്കപ്പെട്ടതിന് എളുപ്പം നൽകപ്പെട്ടവനാകുന്നു.)) (ബുഖാരി)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«الْمُؤْمِنُ الْقَوِيُّ خَيْرٌ وَأَحَبُّ إِلَى اللَّهِ مِنْ الْمُؤْمِنِ الضَّعِيفِ وَفِي كُلٍّ خَيْرٌ احْرِصْ عَلَى مَا يَنْفَعُكَ وَاسْتَعِنْ بِاللَّهِ وَلَا تَعْجَزْ وَإِنْ أَصَابَكَ شَيْءٌ فَلَا تَقُلْ لَوْ أَنِّي فَعَلْتُ كَانَ كَذَا وَكَذَا وَلَكِنْ قُلْ قَدَرُ اللَّهِ وَمَا شَاءَ فَعَلَ فَإِنَّ لَوْ تَفْتَحُ عَمَلَ الشَّيْطَانِ»

((ശക്തനായ വിശ്വാസിയാകുന്നു ദുർബലനായ വിശ്വാസി യേക്കാൾ ഉത്തമനും അല്ലാഹു ﷻ അതിയായി ഇഷ്ടപ്പെടുന്ന വനും. (എന്നാൽ) എല്ലാവരിലും നന്മയുണ്ട്. താങ്കൾക്ക് ഉപ കാരപ്പെടുന്നതിൽ താങ്കൾ അമിത തൽപരത കാണിക്കുക. താങ്കൾ അല്ലാഹുവോട് സഹായാർത്ഥന നടത്തുക. താങ്കൾ ഒരിക്കലും ദുർബലനാകരുത്. താങ്കൾക്ക് വല്ലതും ബാധിച്ചാ ൽ 'ഞാൻ ഇങ്ങനെ ചെയ്തിരുന്നുവെങ്കിൽ ഇപ്രകാരമൊ ക്കെ ആകുമായിരുന്നു എന്നു താങ്കൾ പറയരുത്. എന്നാ ൽ താങ്കൾ, 'അല്ലാഹു 'ഖദ്റാ'ക്കിയതാണ്(നിർണയിച്ചതാ ണ്); അവനുദ്ദേശിച്ചത് പ്രവർത്തിച്ചു' എന്ന് പറയുക. കാര ണം 'ലൗ' (എങ്കിൽ) എന്നത് പിശാചിന്റെ പ്രവർത്തനത്തെ തുറക്കും.)) (മുസ്‌ലിം)

## ഹദീഥിലെ പാഠം:

അല്ലാഹു ﷻ ഇഷ്ടപ്പെടുന്ന ഒരു മുഅ്മിൻ, അവന ത്രെ ശക്തനായ മുഅ്മിൻ. അവൻ കർമ്മനിരതനും ഉപകാ രപ്രദമായത് നേടുവാൻ തൽപരനും അല്ലാഹു ﷻ യോട് മാ ത്രം സഹായം തേടുന്നവനുമാണ്. അവൻ കാര്യകാരണ ബ ന്ധങ്ങൾ സ്വീകരിക്കുകയും ചെയ്യും. അവന് നീരസമായ വല്ല തുമേറ്റാൽ ഖേദിക്കില്ല. മാത്രമല്ല, അല്ലാഹു ﷻ കണക്കാക്കിയ തിൽ അവൻ തൃപ്തിയടയുന്നവനാണ്. അല്ലാഹു ﷻ പറഞ്ഞു:

كُتِبَ عَلَيْكُمُ الْقِتَالُ وَهُوَ كُرْهٌ لَّكُمْ وَعَسَى أَن تَكْرَهُواْ شَيْئًا وَهُوَ خَيْرٌ لَّكُمْ وَعَسَى أَن تُحِبُّواْ شَيْئًا وَهُوَ شَرٌّ لَّكُمْ وَاللّهُ يَعْلَمُ وَأَنتُمْ لاَ تَعْلَمُونَ

﴿എന്നാൽ നിങ്ങൾ ഒരു കാര്യം വെറുക്കുകയും (യഥാർത്ഥത്തിൽ) അത് നിങ്ങൾക്ക് ഗുണകരമായിരിക്കുകയും ചെയ്യാം. നിങ്ങളൊരു കാര്യം ഇഷ്ടപ്പെടുകയും (യഥാർത്ഥത്തിൽ) അത് നിങ്ങൾക്ക് ദോഷകരമായിരിക്കുകയും ചെയ്തെന്നും വരാം. അല്ലാഹു അറിയുന്നു. നിങ്ങൾ അറിയുന്നില്ല.﴾
(വി.ഖു.2: 216)

# സുന്നത്തും ബിദ്അത്തും

**❓ ചോദ്യം:** മതത്തിൽ 'ബിദ്അത്ത്' എന്താണ് ?

**✍ ഉത്തരം:** മതത്തിൽ 'ബിദ്അത്ത്' എന്നാൽ, മതപരമായ പ്രമാണം ഇല്ലാത്ത കാര്യങ്ങൾ ആണ്. ബഹുദൈവ വിശ്വാസികളുടെ ബിദഈൗപ്രവൃത്തികളെ എതിർത്തുകൊണ്ട് അല്ലാഹു ﷻ പറഞ്ഞു:

أَمْ لَهُمْ شُرَكَاء شَرَعُوا لَهُم مِّنَ الدِّينِ مَا لَمْ يَأْذَن بِهِ اللهُ وَلَوْلَا كَلِمَةُ الْفَصْلِ لَقُضِيَ بَيْنَهُمْ وَإِنَّ الظَّالِمِينَ لَهُمْ عَذَابٌ أَلِيمٌ

﴿അതല്ല അല്ലാഹു അനുവദിച്ചിട്ടില്ലാത്ത കാര്യം മതമായി അവർക്ക് നിശ്ചയിച്ചു കൊടുത്ത വല്ല പങ്കാളികളും അവർക്കുണ്ടോ?....﴾ (വി. ക്വു. 42: 21)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«مَنْ أَحْدَثَ فِي أَمْرِنَا هَذَا مَا لَيْسَ مِنْهُ فَهُوَ رَدٌّ»

((നമ്മുടെ കൽപനയില്ലാത്ത ഒരു കാര്യം ആരെങ്കിലും പ്രവർത്തിച്ചാൽ അത് തള്ളപ്പെടേണ്ടതാണ്.)) (മുസ്‌ലിം)

**❓ ചോദ്യം:** ദീനിൽ 'ബിദ്അത്തുൻ ഹസനത്ത്'(നല്ല ബിദ്അത്ത്) ഉണ്ടോ ?

**✍ ഉത്തരം:** മതത്തിൽ 'ബിദ്അത്തുൻ ഹസനത്ത്' (നല്ല ബിദ്അത്ത്) എന്ന ഒന്നില്ല.

അല്ലാഹു ﷻ പറഞ്ഞു:

الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الإِسْلاَمَ دِينًا

﴿ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കിതന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ടുതന്നിരിക്കുന്നു....﴾

(വി. ക്വു. 5:3)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«إِيَّكم وَمُحْدثَاتِ الأُمُورِ فَإِنَّ كُلَّ مُحْدَثَةٍ بِدْعَةٌ وَكُلَّ بِدْعَةٍ ضَلَالَةٌ وَكُلَّ ضَلَالَةٍ فِي النَّارِ»

(( (ദീൻ)കാര്യങ്ങളിൽ പുത്തൻ സമ്പ്രദായങ്ങളെ (ബിദ്അത്തുകളെ) നിങ്ങൾ സൂക്ഷിക്കുക. കാരണം, എല്ലാ പുത്തൻ സമ്പ്രദായങ്ങളും ബിദ്അത്തുകളാകുന്നു. എല്ലാ ബിദ്അത്തുകളും വഴികേടുകളാകുന്നു. എല്ലാ വഴികേടുകളും നരകത്തിലാകുന്നു.)) (സുനനുന്നിസാഇ. ഹദീഥ് 'സ്വഹീഹ് ' ആകുന്നു.)

# ബിദ്അത്തുകളുടെ ഇനങ്ങൾ

1. **അൽബിദ്അത്തുൽ മുകഫ്ഫിറഃ (കാഫിറാക്കുന്ന ബിദ്അത്ത്)** 'യാ സയ്യിദീ സഹായിക്കണേ..., എന്നിങ്ങനെ മറഞ്ഞവരോടും മരണപ്പെട്ടവരോടും ദുആയും സഹായാർത്ഥനയും നടത്തുന്നത് അതിന്റെ ഉദാഹരണമാണ്.
2. **അൽബിദ്അത്തുൽ മുഹർറമഃ (ഹറാമാക്കപ്പെട്ട ബിദ്അത്ത്)** അല്ലാഹു ﷻ യോടുള്ള ദുആയിൽ മരണപ്പെട്ടവരെ ഇടയാളന്മാരാക്കുക. ക്വബ്റ് കെട്ടിപ്പൊക്കുക എന്നിവ അതിന്റെ ഉദാഹരണമാണ്.
3. **അൽബിദ്അത്തുൽ മക്റൂഹഃ (മക്റൂഹായ ബിദ്അത്ത്)** ബാങ്കിന് ശേഷം സ്വലാത്തും സ്വലാമും ഉച്ചത്തിൽ ചൊല്ലുക എന്നത് അതിന്റെ ഉദാഹരണമാണ്.

ദുൻവിയായ കണ്ടുപിടുത്തങ്ങൾ പോലുള്ള ഭൗതികമായ കാര്യങ്ങൾ ബിദ്അത്തുകളിൽപെട്ടതല്ല. കാരണം, അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«أَنْتُمْ أَعْلَمُ بِأَمْرِ دُنْيَاكُمْ»

((നിങ്ങളുടെ ദുൻയാവിന്റെ കാര്യം കൂടുതൽ അറിയുന്നവർ നിങ്ങളാണ്.)) (മുസ്‌ലിം)

**? ചോദ്യം:** ഇസ്‌ലാമിൽ 'സുന്നത്തുൻ ഹസനത്ത്' ഉണ്ടോ?

**ഉത്തരം:** ഉണ്ട്. ഇസ്‌ലാമിൽ നല്ല സുന്നത്തുകൾ ഉണ്ട്.

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«مَنْ سَنَّ فِي الْإِسْلَامِ سُنَّةً حَسَنَةً فَلَهُ أَجْرُهَا وَأَجْرُ مَنْ عَمِلَ بِهَا بَعْدَهُ مِنْ غَيْرِ أَنْ يَنْقُصَ مِنْ أُجُورِهِمْ شَيْءٌ »

((ഇസ്‌ലാമിൽ ഒരാൾ ഒരു നല്ലചര്യ നടപ്പാക്കിയാൽ അതിന്റെ പ്രതിഫലം അവനുണ്ട്. ശേഷം അതനുസ്സരിച്ച് പ്രവർത്തിക്കുന്നവരുടെ പ്രതിഫലവും അവനുണ്ട്. എന്നാൽ അത് അവരുടെ പ്രതിഫലത്തിൽനിന്ന് യാതൊരു കുറവും വരുത്തുകയില്ല.)) (മുസ്‌ലിം)

# വിശ്വാസികൾക്കാണ് സഹായം!!!

❓ **ചോദ്യം:** എപ്പോഴാണ് മുസ്‌ലിംകൾ വിജയം വരിക്കുക?

✍ **ഉത്തരം:** മുസ്‌ലിംകൾ തങ്ങളുടെ രക്ഷിതാവിന്റെ ഗ്രന്ഥവും പ്രവാചകൻ ﷺ യുടെ സുന്നത്തും ജീവിതത്തിൽ പകർത്തുന്നതിലേക്ക് മടങ്ങുകയും, തൗഹീദ് പ്രചരിപ്പിക്കുവാൻ തുടങ്ങുകയും, വിവിധ മുഖങ്ങളുള്ള ശിർക്കിനെതിരിൽ മുന്നറിയിപ്പ് നൽകുകയും, തങ്ങളുടെ ശത്രുക്കൾക്കെതിരിൽ കഴിവിൽപ്പെട്ട എല്ലാ ശക്തിയും അവർ ശരിയാക്കുകയും ചെയ്താൽ മുസ്‌ലിംകൾ വിജയിക്കും.

അല്ലാഹു ﷻ പറഞ്ഞു:

يَا أَيُّهَا الَّذِينَ آمَنُوا إِن تَنصُرُوا اللَّهَ يَنصُرْكُمْ وَيُثَبِّتْ أَقْدَامَكُمْ

﴾സത്യവിശ്വാസികളെ, നിങ്ങൾ അല്ലാഹുവെ സഹായിക്കുന്ന പക്ഷം അവൻ നിങ്ങളെ സഹായിക്കുകയും നിങ്ങളുടെ പാദങ്ങൾ ഉറപ്പിച്ചു നിർത്തുകയും ചെയ്യും.﴿ (വി. ക്വു. 47: 7)

അല്ലാഹു ﷻ പറഞ്ഞു:

وَعَدَ اللَّهُ الَّذِينَ آمَنُوا مِنكُمْ وَعَمِلُوا الصَّالِحَاتِ لَيَسْتَخْلِفَنَّهُم فِي الْأَرْضِ كَمَا اسْتَخْلَفَ الَّذِينَ مِن قَبْلِهِمْ وَلَيُمَكِّنَنَّ لَهُمْ دِينَهُمُ الَّذِي ارْتَضَى لَهُمْ وَلَيُبَدِّلَنَّهُم مِّن بَعْدِ خَوْفِهِمْ أَمْنًا يَعْبُدُونَنِي لَا يُشْرِكُونَ بِي شَيْئًا وَمَن كَفَرَ بَعْدَ ذَلِكَ فَأُوْلَئِكَ هُمُ الْفَاسِقُونَ

﴿നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു, അവരുടെ മുമ്പുള്ളവർക്ക് പ്രാതിനിധ്യം നൽകിയതുപോലെതന്നെ തീർച്ചയായും ഭൂമിയിൽ അവൻ അവർക്ക് പ്രാതിനിധ്യം നൽകുകയും, അവർക്ക് അവൻ തൃപ്തിപ്പെട്ടുകൊടുത്ത അവരുടെ മതത്തിന്റെ കാര്യത്തിൽ അവർക്ക് അവൻ സ്വാധീനം നൽകുകയും, അവരുടെ ഭയപ്പാടിനുശേഷം അവർക്ക് നിർഭയത്വം പകരം നൽകുകയും ചെയ്യുന്നതാണെന്ന്. എന്നെയായിരിക്കും അവർ ആരാധിക്കുന്നത്, എന്നോട് യാതൊന്നും അവർ പങ്കുചേർക്കുകയില്ല...﴾ (വി.ക്വു. 24:55)

അല്ലാഹു ﷻ പറഞ്ഞു:

وَأَعِدُّواْ لَهُم مَّا اسْتَطَعْتُم مِّن قُوَّةٍ وَمِن رِّبَاطِ الْخَيْلِ تُرْهِبُونَ بِهِ عَدْوَّ اللّهِ وَعَدُوَّكُمْ وَآخَرِينَ مِن دُونِهِمْ لاَ تَعْلَمُونَهُمُ اللّهُ يَعْلَمُهُمْ وَمَا تُنفِقُواْ مِن شَيْءٍ فِي سَبِيلِ اللّهِ يُوَفَّ إِلَيْكُمْ وَأَنتُمْ لاَ تُظْلَمُونَ

﴿അവരെ നേരിടാൻ വേണ്ടി നിങ്ങളുടെ കഴിവിൽപ്പെട്ട എല്ലാ ശക്തിയും നിങ്ങൾ ഒരുക്കുക,.......... ﴾ (വി. ക്വു. 8: 60)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«أَلَا إِنَّ الْقُوَّةَ الرَّمْيُ أَلَا إِنَّ الْقُوَّةَ الرَّمْيُ أَلَا إِنَّ الْقُوَّةَ الرَّمْيُ»

((അറിയുക, നിശ്ചയം ശക്തി എന്നാൽ 'റംയ്'(ഏറ് അല്ലെങ്കിൽ അമ്പെയ്ത്ത്) ആകുന്നു.)) പ്രവാചകൻ ﷺ ഇത് മൂന്നു തവണ പറയുകയുണ്ടായി. (മുസ്‌ലിം)

# ഇസ്തിഖാറത്തിന്റെ 'ദുആഅ്'

ജാബിർ ﷺ വിൽനിന്നും നിവേദനം: അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ റസൂൽ ﷺ എല്ലാ കാര്യങ്ങളിലും ഞങ്ങളെ ക്വുർആനിൽ നിന്നും ഒരു സൂറത്ത് പഠിപ്പിക്കാറുള്ളതുപോലെ 'ഇസ്തിഖാറത്ത്' പഠിപ്പിക്കാറുണ്ടായിരുന്നു. അദ്ദേഹം പറയും: നിങ്ങളിൽ ഒരാൾ ഒരുകാര്യം വിചാരിച്ചാൽ ഫർദ്വ് അല്ലാത്ത രണ്ട് റക്അത്തുകൾ അവൻ നമസ്ക്കരിക്കട്ടെ. ശേഷം അവൻ പറയട്ടെ:

اللَّهُمَّ إِنِّي أَسْتَخِيرُكَ بِعِلْمِكَ وَأَسْتَقْدِرُكَ بِقُدْرَتِكَ وَأَسْأَلُكَ مِنْ فَضْلِكَ فَإِنَّكَ تَقْدِرُ وَلَا أَقْدِرُ وَتَعْلَمُ وَلَا أَعْلَمُ وَأَنْتَ عَلَّامُ الْغُيُوبِ اللَّهُمَّ فَإِنْ كُنْتَ تَعْلَمُ هَذَا الْأَمْرَ - ثُمَّ تُسَمِّيهِ بِعَيْنِهِ - خَيْرًا لِي فِي عَاجِلِ أَمْرِي وَآجِلِهِ - قَالَ - أَوْ فِي دِينِي وَمَعَاشِي وَعَاقِبَةِ أَمْرِي فَاقْدُرْهُ لِي وَيَسِّرْهُ لِي ثُمَّ بَارِكْ لِي فِيهِ اللَّهُمَّ وَإِنْ كُنْتَ تَعْلَمُ أَنَّهُ شَرٌّ لِي فِي دِينِي وَمَعَاشِي وَعَاقِبَةِ أَمْرِي - أَوْ قَالَ - فِي عَاجِلِ أَمْرِي وَآجِلِهِ فَاصْرِفْنِي عَنْهُ وَاقْدُرْ لِي الْخَيْرَحَيْثُ كَانَ ثُمَّ رَضِّنِي بِهِ

"അല്ലാഹുവേ, നിന്റെ അറിവിനെ (വസീലയാക്കി) നിന്നോട് ഉത്തമമായത് ഞാൻ തേടുന്നു. നിന്റെ ക്വുദ്റത്തിനെ(കഴിവിനെ വസീലയാക്കി) നിന്നോട് ഞാൻ കഴിവിന് തേടുന്നു. നി

ന്റെ മഹത്തായ ഔദാര്യത്തിൽനിന്ന് ഞാൻ യാചിക്കുകയും ചെയ്യുന്നു. കാരണം, നിനക്ക് (എല്ലാത്തിനും) സാധിക്കുന്നു. എനിക്കൊന്നും സാധിക്കുകയില്ല. നീ എല്ലാം അിറയുന്നു. ഞാൻ അറിയുന്നില്ല. നീയാകട്ടെ എല്ലാ അദൃശ്യങ്ങളും സസൂക്ഷ്മം അറിയുന്നവനുമാണ്. അല്ലാഹുവേ, ഈ കാര്യം (......ഇവിടെ കാര്യമെന്തെന്ന് പറയുക.....) എനിക്ക് എന്റെ മതത്തിലും ജീവിതത്തിലും എന്റെ കാര്യത്തിന്റെ പര്യ വസാനത്തിലും - അല്ലങ്കിൽ എന്റെ കാര്യത്തിൽ പെട്ടെന്നോ വൈകിയോ ഉണ്ടായേക്കാവുന്നതിൽ - ഉത്തമമാണെന്ന് നീ അറിയുന്നുവെങ്കിൽ അതെനിക്ക് വിധിക്കുകയും എനിക്കത് എളുപ്പമാക്കിത്തരികയും പിന്നീട് എനിക്കതിൽ അനുഗ്രഹം ചൊരിയുകയും ചെയ്യേണമേ! ഈ കാര്യം എന്റെ മതത്തി ലും ഐഹികകാര്യത്തിലും എന്റെ കാര്യത്തിന്റെ പര്യവസാന ത്തിലും - അല്ലങ്കിൽ എന്റെ കാര്യത്തിൽ പെട്ടെന്നോ വൈകിയോ ഉണ്ടായേക്കാവുന്നതിൽ - ദോഷകരമാണെന്ന് നീ അറിയുന്നു വെങ്കിൽ എന്നെ അതിൽനിന്നും അതിനെ എന്നിൽ നിന്നും തിരിച്ചു കളയേണമേ! നന്മ എവിടെയാ ണോ അതെനിക്ക് വിധിക്കുകയും എന്നിട്ട് അതിനെ എനിക്ക് തൃപ്തിപ്പെടുത്തുകയും ചെയ്യേണമേ! (ബുഖാരി)

ഈ നമസ്കാരവും ദുആയും ഓരോരുത്തരും ത നിക്കുവേണ്ടി സ്വന്തം നിർവ്വഹിക്കുകയാണ് വേണ്ടത്; രോഗശ മനത്തിന് മരുന്നുകുടിക്കുന്നതുപോലെ. താൻ ഉത്തമമായ ത് തേടിയ നാഥൻ നന്മയിലേക്കും നന്മയിലേക്കുള്ള വഴികളെ എളുപ്പമാക്കുന്ന അടയാളങ്ങളിലേക്കും തനിക്ക് മാർഗ്ഗമേകും എന്ന ദൃഢബോധത്തോടുകൂടിയായിരിക്കണം അയാൾ 'ഇ സ്തിഖാറത്ത് നടത്തേണ്ടത്. 'ഇസ്തിഖാറത്തി'ൽ ബിദ്ഈ രീതികൾ സ്വീകരിക്കുന്നത് സൂക്ഷിക്കുക. 'മാനാമാത്തു'കളെ

(സ്വപ്നങ്ങളെ) അവലംബിക്കുന്നതുപോലുള്ള പല അന്ധവിശ്വാസങ്ങളും ഈ ബിദ്ഈ രീതികളിലുണ്ട്.

# രോഗശമനത്തിനുള്ള ദുആഉകൾ

**ഒന്ന്:** തന്റെ ശരീരത്തിൽ വേദനിക്കുന്ന സ്ഥലത്ത് കൈ വെക്കുക. ശേഷം بِسْمِ اللّٰهِ എന്ന് മൂന്നുതവണ പറയുക. ശേഷം:

«أَعُوذُ بِاللّٰهِ وَقُدْرَتِهِ مِنْ شَرِّ مَا أَجِدُ وَأُحَاذِرُ»

(ഞാൻ അനുഭവിച്ചുകൊണ്ടിരിക്കുകയും ഭയന്നുകൊണ്ടിരിക്കുകയും ചെയ്യുന്നതിന്റെ കെടുതിയിൽനിന്ന് അല്ലാഹുവിലും അവന്റെ കഴിവിലും ഞാൻ അഭയം തേടുന്നു) എന്ന് ഏഴുതവണ പറയുക. മറ്റൊരു രിവായത്തിൽ, കൈ ഉയർത്തിയശേഷം ഇവ ഒറ്റയായി മടക്കിചൊല്ലുക എന്നുകൂടിയുണ്ട്.

**രണ്ട്:**

«اللَّهُمَّ رَبَّ النَّاسِ ، أَذْهِبْ الْبَاسَ ، اشْفِ أَنْتَ الشَّافِي ، لَا شِفَاءَ إِلَّا شِفَاؤُكَ شِفَاءً لَا يُغَادِرُ سَقَمًا»

((അല്ലാഹുവേ, ജനങ്ങളുടെ രക്ഷിതാവേ, ഉപദ്രവം നീ പോക്കേണമേ, നീ ശിഫാഅ് പ്രദാനം ചെയ്യേണമേ; നീയാകുന്നു ശിഫാഅ് നൽകുന്നവൻ, നിന്റെ ശിഫാഅ് അല്ലാതെ യാതൊരു ശിഫാഉമില്ല. ഒരു രോഗവും ഉപേക്ഷിക്കാത്ത ശമനം (പ്രദാനം ചെയ്യേണമേ)....))

**മൂന്ന്:**

أَعُوذُ بِكَلِمَاتِ اللّهِ التّامّةِ مِنْ كلّ شَيْطَانٍ وَهَامَّة وَمِنْ كُلِّ عَيْنٍ لاَمّةٍ

(എല്ലാ പിശാചുക്കളിൽനിന്നും, വിഷജീവികളിൽനിന്നും, ബാധ യേൽപ്പിക്കുന്ന കണ്ണുകളിൾനിന്നും അല്ലാഹുവിന്റെ പരിപൂർണ്ണവചനങ്ങൾ കൊണ്ട് ഞാൻ അഭയം തേടുന്നു.)

**നാല്:** ((ഒരാൾ, മരണം ആസന്നമാകാത്ത ഒരു രോഗിയെ സന്ദർശിക്കുകയും അയാളുടെ അടുക്കൽ ഏഴുതവണ:

«أَسْأَلُ اللّهَ الْعَظِيمَ رَبَّ الْعَرْشِ الْعَظِيم أَنْ يَشْفِيكَ»

(അതിമഹത്വമുള്ളവനായ, മഹിത സിംഹാസനത്തിന്റെ രക്ഷിതാവായ അല്ലാഹുവോട്, അവൻ നിനക്ക് ശിഫാഅ് ഏകുവാൻ ഞാൻ യാചിക്കുന്നു.) എന്ന് പ്രാർത്ഥിച്ചാൽ അല്ലാഹു ﷺ അയാൾക്ക് സൗഖ്യമേകുന്നതാണ്. തീർച്ച.))

**അഞ്ച്:** ഒരാൾ, രോഗംകൊണ്ടോ മറ്റോ പരീക്ഷിക്കപ്പെട്ട ഒരു വ്യക്തിയെ കാണുകയും അപ്പോൾ:

«الْحَمْدُ لِلَّهِ الَّذِي عَافَانِي مِمَّا ابْتَلَاكَ بِهِ ، وَفَضَّلَنِي عَلَى كَثِيرٍ مِمَّنْ خَلَقَ تَفْضِيلًا»

(താങ്കളെ പരീക്ഷിച്ചതിൽനിന്ന് എനിക്ക് സൗഖ്യം നൽകിയ, അവൻ സൃഷ്ടിച്ച ധാരാളം സൃഷ്ടികളേക്കാൾ എനിക്ക് ശ്രേഷ്ഠത നൽകുകയും ചെയ്ത അല്ലാഹുവിന് മാത്രമാകുന്നു സ്തുതികൾ മുഴുവനും) എന്നുപറയുകയും ചെയ്താൽ ആ പരീക്ഷണം അയാൾക്ക് ഏൽക്കില്ല.

**ആറ്:** തീർച്ചയായും ജീബ്‌രീൽ പ്രവാചകൻ ﷺ യുടെ അടുക്കൽ വന്നു. (ജിബ്‌രീൽ عليه السلام) പറഞ്ഞു: മുഹമ്മദ് താങ്കൾ വല്ല

രോഗവും വേവലാതിപ്പെടുന്നുണ്ടോ? അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: അതെ. അപ്പോൾ ജിബ്‌രീൽ പറഞ്ഞു:

«بِاسْمِ اللَّهِ أَرْقِيكَ، مِنْ كُلِّ دَاءٍ يُؤْذِيكَ ، وَمِنْ شَرِّ كُلِّ نَفْسٍ وَ عَيْنٍ، بِاسْمِ اللَّهِ أَرْقِيكَ وَاللَّهُ يَشْفِيكَ »

((താങ്കൾക്ക് ഉപദ്രവകരമായ എല്ലാ രോഗങ്ങളിൽനിന്നും അല്ലാഹുവിന്റെ നാമംകൊണ്ട് ഞാൻ മന്ത്രിക്കുന്നു. എല്ലാ മനുഷ്യരുടേയും, കണ്ണുകളുടേയും ഉപദ്രവങ്ങളിൽനിന്നും അല്ലാഹുവിന്റെ നാമത്തിൽ ഞാൻ മന്ത്രിക്കുന്നു. അല്ലാഹു നിങ്ങൾക്ക് 'ശിഫാഅ് ' പ്രദാനം ചെയ്യട്ടെ...))

**ഏഴ്:** സൂറത്തുൽ ഫാതിഹയും മുഅവ്വിദതയ്നികളും (അന്നാസും അൽഫലക്വും) ഓതുക. അല്ലാഹു ﷻ യോട് മാത്രം രോഗശമനത്തിന് തേടുക.ദുആയോടൊപ്പം മരുന്നും ഉപയോഗിക്കുക.സാധുക്കൾക്ക് സ്വദക്വഃചെയ്യുക. അല്ലാഹു ﷻ യുടെ കൽപനയാൽ രോഗശമനം ഉണ്ടാകും.

## സൂറത്തുൽ ഫാത്തിഹ:

الْحَمْدُ للهِ رَبِّ الْعَالَمِينَ*الرَّحْمنِ الرَّحِيمِ*مَالِكِ يَوْمِ الدِّينِ*إِيَّاكَ نَعْبُدُ وإِيَّاكَ نَسْتَعِينُ*اهدِنَــا الصِّرَاطَ المُستَقِيمَ*صِرَاطَ الَّذِينَ أَنعَمتَ عَلَيهِمْ غَيرِ المَغضُوبِ عَلَيهِمْ وَلاَ الضَّالِّينَ

﴿പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ തിരുനാമത്തിൽ. സ്തുതികൾ സർവ്വലോക പരിപാലകനായ

അല്ലാഹുവിന്നാകുന്നു. പരമകാരുണികനും കരുണാനിധി യും, പ്രതിഫലദിവസത്തിന്റെ ഉടമസ്ഥനുമായ (അല്ലാഹുവിന്). നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു. ഞങ്ങളെ നീ നേർമാർഗ്ഗത്തിൽ അഥവാ നീ അനുഗ്രഹിച്ചവരുടെ മാർഗ്ഗത്തിൽ ചേർക്കേണ മേ. കോപത്തിന്നിരയായവരുടെ മാർഗ്ഗത്തിലല്ല. പിഴച്ചുപോ യവരുടെ മാർഗ്ഗത്തിലുമല്ല. ﴾

## മുഅവ്വിദതയ്നി:

قُلْ أَعُوذُ بِرَبِّ الْفَلَقِ*مِن شَرِّ مَا خَلَقَ*وَمِن شَرِّ غَاسِقٍ إِذَا وَقَبَ*وَمِن شَرِّ النَّفَّاثَاتِ فِي الْعُقَدِ*وَمِن شَرِّ حَاسِدٍ إِذَا حَسَدَ

﴿(നബിയേ) പറയുക പുലരിയുടെ രക്ഷിതാവിനോട് ഞാ ൻ അഭയം തേടുന്നു. അവൻ സൃഷ്ടിച്ചിട്ടുള്ളവയുടെ കെ ടുതിയിൽനിന്നും ഇരുളടയുമ്പോഴുള്ള രാത്രിയുടെ കെ ടുതിയിൽനിന്നും കെട്ടുകളിൽ ഊതുന്ന സ്ത്രീകളുടെ കെടുതിയിൽനിന്നും അസൂയാലു അസൂയപ്പെടുമ്പോ ഴുള്ളകെടുതിയിൽ നിന്നും﴾ (സൂറ: അൽഫലഖ്)

قُلْ أَعُوذُ بِرَبِّ النَّاسِ*مَلِكِ النَّاسِ*إِلَهِ النَّاسِ*مِن شَرِّ الْوَسْوَاسِ الْخَنَّاسِ*الَّذِي يُوَسْوِسُ فِي صُدُورِ النَّاسِ*مِنَ الْجِنَّةِ وَ النَّاسِ

﴿(നബിയേ)പറയുക മനുഷ്യരുടെ രക്ഷിതാവും മനുഷ്യ രുടെ രാജാവും മനുഷ്യരുടെ ദൈവവുമായവനോട് ഞാ

ൻ ശരണം തേടുന്നു. മനുഷ്യരുടെ ഹൃദയങ്ങളിൽ ദുർബോധനം നടത്തി പിന്മാറിക്കളയുന്ന മനുഷ്യരിലും ജിന്നുകളിലും പെട്ട ദുർബോധകരെ കൊണ്ടുള്ള തിന്മയിൽ നിന്ന്﴾ (സൂറ: അന്നാസ്)

# ഉത്തരം ലഭിക്കപ്പെടുന്ന പ്രാർത്ഥനകൾ

**ഒന്ന്:** അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

ഒരാൾ രാത്രിയിൽ ഉറക്കിൽനിന്ന് എഴുന്നേറ്റശേഷം:

«لَا إِلَهَ إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ ، لَهُ الْمُلْكُ ، وَلَهُ الْحَمْدُ ، وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ، الْحَمْدُ لِلَّهِ ، وَسُبْحَانَ اللَّهِ ، وَلَا إِلَهَ إِلَّا اللَّهُ ، وَاللَّهُ أَكْبَرُ، وَلَا حَوْلَ وَلَا قُوَّةَ إِلَّا بِاللَّهِ»

എന്ന് പറയുകയും ശേഷം, "അല്ലാഹുവേ, നീ എനിക്ക് പൊറുത്തു തരേണമേ.......എന്നോ, മറ്റു ദുആകൾ ചൊല്ലുകയോ ചെയ്താൽ അവന് ഉത്തരം നൽകപ്പെടുന്നതാണ്. അയാൾ എഴുന്നേൽക്കുകയും ശേഷം വുദ്വൂഅ് ചെയ്ത് നമസ്കരിക്കുകയും ചെയ്താൽ നമസ്കാരം സ്വീകരിക്കപ്പെടുന്നതുമാണ്.

**രണ്ട്:** ((നിശ്ചയം, അല്ലാഹുവിന്റെ റസൂൽ ﷺ ഒരാൾ ഇപ്രകാരം പ്രാർത്ഥിക്കുന്നത് കേട്ടു:

«اللَّهُمَّ إِنِّي أَسْأَلُكَ بِأَنِّي أَشْهَدُ أَنَّكَ أَنْتَ اللَّهُ الَّذِي لَا إِلَهَ إِلَّا أَنْتَ الْأَحَدُ الصَّمَدُ الَّذِي لَمْ يَلِدْ وَلَمْ يُولَدْ وَلَمْ يَكُنْ لَهُ كُفُوًا أَحَدٌ »

(അല്ലാഹുവേ, യഥാർത്ഥ ആരാധ്യനായി നീയല്ലാതെ മറ്റാരുമില്ല; തീർച്ചയായും അങ്ങിനെയുള്ള നീയാണ് അല്ലാഹു എ

ന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. ഏകനും, എല്ലാവർക്കും ആശ്രിതനായ നിരാശ്രയനും, (ആരുടേയും സന്തതിയായി) ജനിക്കാത്തവനും (ആരേയും) ജനിപ്പിക്കാത്തവനും തുല്യ നായി ആരുമില്ലാത്തവനുമായവൻ; അല്ലാഹുവേ നിന്നോടി താ ഞാൻ തേടുന്നു.)

അപ്പോൾ പ്രവാചകൻﷺ പറഞ്ഞു: ((എന്റെ ആത്മാവ് ആരു ടെ കയ്യിലാണോ, ആ അല്ലാഹുവാണ് സത്യം. തീർച്ചയായും ഇയാൾ അല്ലാഹു ﷻ യോട് അവന്റെ "ഇസ്മുൽ അഅ്ളം" കൊണ്ടാണ് തേടിയിരിക്കുന്നത്; അതുകൊണ്ട് തേടിയാൽ അവൻ നൽകും. അതുകൊണ്ട് 'ദുആഅ്' ചെയ്താൽ ഉത്തരം നൽകും.))

മൂന്ന്: ((മത്സ്യത്തിന്റെ വയറ്റിലായിരിക്കെ ദിന്നൂൻ (യൂനുസ് عليه السلام) ചെയ്തതായ ദുആഅ്:

«لَا إِلَهَ إِلَّا أَنْتَ سُبْحَانَكَ إِنِّي كُنْتُ مِنْ الظَّالِمِينَ»

(നീയല്ലാതെ യാതൊരു ആരാധ്യനുമില്ല. നീയെത്ര പരിശു ദ്ധൻ! തീർച്ചയായും ഞാൻ അക്രമികളുടെ കൂട്ടത്തിൽ പെ ട്ടവനാകുന്നു.) പ്രസ്തുത പ്രാർത്ഥനകൊണ്ട് ഒരു മുസ്ലിമാ യ ഒരാളും ഒരു വിഷയത്തിലും പ്രാർത്ഥിക്കില്ല; അല്ലാഹു അ യാൾക്ക് ഉത്തരം ചെയ്യാതെ))

**നാല്:**

«يَا حَيُّ يَا قَيُّومُ بِرَحْمَتِكَ أَسْتَغِيثُ»

((എന്നെന്നും ജീവിച്ചിരിക്കുന്നവനും എല്ലാം നിയന്ത്രിക്കുന്ന വനുമായ (അല്ലാഹുവേ), നിന്റെ 'റഹ്മത്തി'നെ മുൻനിർ ത്തി ഞാൻ സഹായാർത്ഥന നടത്തുന്നു.))

# ഉള്ളടക്കം


| | |
|---|---|
| • ഗ്രന്ഥകാരന്റെ മുഖക്കുറി | 01 |
| • വിവർത്തകക്കുറിപ്പ് | 02 |
| • ഇസ്ലാം കാര്യങ്ങൾ | 03 |
| • ഈമാൻ കാര്യങ്ങൾ | 04 |
| • അല്ലാഹുവിന് അടിമകളിൽനിന്നുള്ള അവകാശങ്ങൾ | 06 |
| • തൗഹീദിന്റെ ഇനങ്ങൾ; ഗുണങ്ങളും | 10 |
| • കർമ്മങ്ങൾ സ്വീകരിക്കപ്പെടുവാൻ | 17 |
| • അശ്ശിർക്കുൽ അക്ബർ അഥവാ വലിയ ശിർക്ക് | 20 |
| • അശ്ശിർക്കുൽ അക്ബറിന്റെ ഇനങ്ങൾ | 26 |
| • അശ്ശിർക്കുൽ അസ്ഗർ അഥവാ ചെറിയ ശിർക്ക് | 41 |
| • തവസ്സുൽ | 46 |
| • ശഫാഅത്ത് | 52 |
| • ജിഹാദ്, വലാഅ്, ഹുക്മ് | 56 |
| • ക്വുർആനും സുന്നത്തും | 61 |
| • സുന്നത്തും ബിദ്അത്തും | 69 |
| • ബിദ്അത്തുകളുടെ ഇനങ്ങൾ | 71 |
| • വിശ്വാസികൾക്കാണ് സഹായം!!! | 73 |
| • ഇസ്തിഖാറത്തിന്റെ 'ദുആഅ്' | 76 |
| • രോഗശമനത്തിനുള്ള ദുആഉകൾ | 78 |
| • ഉത്തരം ലഭിക്കപ്പെടുന്ന പ്രാർത്ഥനകൾ | 82 |
| • ഉള്ളടക്കം | 84 |